# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

ആയഞ്ചേരി ഗ്രാമപഞ്ചായത്ത്

2017-18

ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് ജില്ലാ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ. കെ.കെ.ഡി .പി5/2754/2018

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഫോൺ 0495 2371012
ഇ-മെയിൽ dokkd.ksad@kerala.gov.in
തിയ്യതി- 18.01.2019

ഡെപ്യൂട്ടി ഡയറക്ടർ
കോഴിക്കോട്

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ആയഞ്ചേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ആയഞ്ചേരി ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ. കെ.കെ.ഡി .പി5/2754/2018 തിയ്യതി:18.01.2019

# കോഴിക്കോട് ജില്ലയിലെ ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1.7.2017 തിയ്യതി മുതൽ 10.12.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒരെണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത് . ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സതീഷ് മാവേലിപുത്തൻ വീട്,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.12.2018 മുതൽ 21.12.2018 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ .കരുണാകരൻ എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി .മനോഹരൻ എ.വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ജാസിർ സി.എം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.എം.എം നഷീദ | 01-4-17മുതൽ 31-03-18വരെ |
| സെക്രട്ടറി | ശ്രീ.മോഹൻരാജ് വി.പി,സെക്രട്ടറി | 01-04-17മുതൽ 31.03.2018 വരെ |

നിർവ്വഹണോദ്യാഗസ്ഥർ

| | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സുജിത്ത് ടി.വി | 01-04-17 മുതൽ 31.03.2018 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.ശ്രീനേഷ് | 01-04-17 മുതൽ 31.03.2018 വരെ |
| 3 | മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.ജോത്സ്ന | 01-04-17 മുതൽ 31-03-18 വരെ |
| 4 | മെഡിക്കൽ ഓഫീസർ(പി എച്ച്.സി) | ഡോ.ജ്യോതി | 01-04-17 മുതൽ 31-03-18 വരെ |
| 5 | ഹെഡ് മാസ്റ്റർ | ശ്രീ. പവിത്രസാഗർ | 01-04-17 മുതൽ 31-03-18 വരെ |
| 6 | കൃഷി ഓഫീസർ | ശ്രീമതി.രേണു പി | 1.04.2017 മുതൽ 29.10.2017 വരെ |
| | | ശ്രീ.അതുൽ വി | 30.10.2017 മുതൽ 31-03-18 വരെ |
| 8 | വി ഇ ഒ | ശ്രീ.ജനീഷ് | 01-04-17 മുതൽ 31-03-18 വരെ |
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ജോസഫൈൻ ഇ.വി | 01-04-17 മുതൽ 05-07-17വരെ |
| | | ശ്രീമതി ഉഷ സി | 6.07.2017മുതൽ 31.03.2018 വരെ |
| 11 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ദാക്ഷായണി | 01.04.2017 മുതൽ26.09.2017 വരെ |

| | | | |
|---|---|---|---|
| | | ശ്രീമതി അനശ്രീ | 27.09.2017 മുതൽ 31.03.2018 വരെ |
| 12 | ഡയറി ഫാം ഇൻസ്റ്റക്ടർ | ശ്രീ.മഹേഷ് കെ.കെ | 01.04.2017 മുതൽ31.03.2018 വരെ |

ഓഡിറ്റ് റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.


| | |
|---|---|
| ഭാഗം-1പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷികധനകാര്യപത്രിക |
| 1-3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പ് പദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷികകണക്കുകളിലെ അപാകതകൾ |
| ഭാഗം-2 വരവ് കണക്കുകളിൻ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | ബജറ്റ് തയ്യാറാക്കിയതിലെ അപാകതകൾ |
| 2-2 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചതിൽ നഷ്ടം |
| 2-3 | ഡി ആന്റ് ഒ ലൈസൻസ് – അപാകതകൾ |
| 2-4 | തൊഴിൽ നികുതി – അപാകതകൾ |
| 2-5 | ലോഡ്ജിംഗ് പെർമിറ്റ് ഇല്ലാത്ത കെട്ടിടങ്ങളിൽ ആളുകളെ താമസിക്കുന്നതിനെതിരെ നടപടികൾ സ്വീകരിക്കുന്നില്ല. |
| 2-6 | ബിൽഡിംഗ് പെർമിറ്റ് – അപാകതകൾ |
| ഭാഗം- 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | കാർഷിക നടീൽ വസ്തുക്കൾ ഗുണഭോക്താക്കൾക്ക് വിതരണം |

| | |
|---|---|
| | ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവ് തുക 5,12,000/- രൂപ തടസ്സപ്പെടുത്തുന്നു. |
| 3-2 | വാഴ, നെല്ല് എന്നിവ കൃഷി ചെയ്യുന്നതിന് കർഷകർക്ക് സബ്സിഡി ആനുകൂല്യം വിതരണം ചെയ്തതിൽ സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചിട്ടില്ല. 13,000/- രൂപ നിരാകരിക്കുന്നു. |
| 3-3 | ഐ.കെ.എം.വിഹിതം നൽകൽ, എസ്.എസ്.എ.വിഹിതം നൽകൽ എന്നീ പദ്ധതികളുടെ വിനിയോഗവിവരം ഹാജരാക്കാത്തതിനാൽ ചെലവ് തുക 8,55,453/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. |
| 3-4 | സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം നൽകൽ – സബ്സിഡി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്കനുസൃതമല്ലാത്ത തുക ചെലവഴിക്കുമ്പോൾ സർക്കാരിൽ നിന്ന് മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. |
| 3-5 | കർഷകർക്ക് വിതരണം ചെയ്യുന്നതിനായി ടെണ്ടർ/ക്വട്ടേഷൻ നടപടി സ്വീകരിക്കാതെ നെൽകൃഷിക്ക് കുമ്മായം വാങ്ങി – ചെലവ് തുക 2,64,837/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. |
| 3-6 | മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കാതെ ഗുണഭോക്താക്കൾക്ക് ഭവനപരിഷ്കരണത്തിന് സബ്സിഡി തുക നൽകി ചെലവ് തുക 1,50,000/- രൂപ തടസ്സത്തിൽ വെക്കുന്നു. |
| 3-7 | കൃത്യത ഉറപ്പു വരുത്താതെ വെള്ളക്കരം, തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് എന്നിവ അടവാക്കുന്നു. |
| 3-8 | ഓഫീസ് വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച് |
| 3-9 | ആസൂത്രണ നടപടിക്രമങ്ങൾ പാലിക്കാതെ പ്രൊജക്ടുകൾക്ക് അംഗീകാരം ലഭ്യമാവുന്നു. |
| 3-10 | ടെണ്ടർ കുറവ് പരിഗണിക്കാതെ കരാറുകാരന് ഫൈനൽ ബിൽ അനുവദിച്ചു. |
| 3-11 | ചൂരകുളങ്ങരത്താഴ – ആയഞ്ചേരി തെരു റോഡ് പ്രവൃത്തി, കിളച്ചെടുത്ത മണ്ണ് ഫില്ലിംഗിനായി വിനിയോഗിച്ചില്ല. |
| 3-12 | മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കപ്പെടുന്നില്ല. ഒരു കോടിയിൽ പരം രൂപ പാഴായി. |
| 3-13 | വൃദ്ധർക്ക് കട്ടിൽ – പ്രൊജക്ട് നടത്തിപ്പിൽ അപാകത. |
| 3-14 | ആശ്രയ ഭവന പുനരുദ്ധാരണത്തിന് കൈമാറിയ തുക ചെലവഴിക്കാതെ സി.ഡി.എസ്. അക്കൗണ്ടിൽ സൂക്ഷിക്കുന്നു. |
| 3-15 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ധനസഹായം – ജില്ലാ പഞ്ചായത്ത് വിഹിതം പൂർണ്ണമായും വിനിയോഗിച്ചില്ല. |
| 3-16 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. |
| ഭാഗം 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |

| | |
|---|---|
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-4 | വായ്പ / വായ്പാതിരിച്ചടവ് |
| 4-5 | സ്ഥിര നിക്ഷേപം |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 4-8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ. |
| അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

23.03.2017 തീയതിയിലെ 01/23/2017(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 19.02.2018 തീയതിയിലെ 8-2/2018 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 17.05.2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 11.06.2018-12.06.2018 | കെ.എസ്.എ.കെ.കെ.ഡി./ഇ2 /1111/2018(3)/16.07.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 22104691.8 |
| വരവ് | 68648406 |

| | |
|---|---|
| ആകെ | 90753097.8 |
| ചെലവ് | 85225010 |
| നീക്കിയിരിപ്പ് | 5528087.8 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 13319000 | 13319000 | 11411639 | 1907361 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 1491089 | 1491089 | 1311397 | 179692 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 26989 | 0 | 0 | 26989 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 7163000 | 7163000 | 4017733 | 3145267 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2985000 | 2985000 | 2655019 | 329981 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 6533904 | 6533904 | 4078073 | 2455831 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 2032473 | 2032473 | 1134732 | 897741 |
| സാക്ഷരത | | 1234 | 12 | 1246 | 1246 | 0 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 13068794 | 13068794 | 13068794 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് | 40552 | 226935 | 267487 | 235341 | 32146 |

| | | | | | | |
|---|---|---|---|---|---|---|
| | ചെലവ് | | | | | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് പദ്ധതി | | 740141 | 1003000 | 1743141 | 235019 | 1508122 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ജലനിധി | | 2009380 | 30753641 | 32763021 | 32431451 | 331570 |
| ശുചിത്വ മിഷൻ | | 4294 | 0 | 4294 | 0 | 4294 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 475200 | 475200 | 475200 | 0 |
| | ജില്ലാ പഞ്ചായത്ത് | 0 | 675000 | 675000 | 465000 | 210000 |
| ബി ഫണ്ട്<br>തൊഴിൽ രഹിത വേതനം | | 0 | 86760 | 86760 | 86760 | 0 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | | 0 | 240000 | 240000 | 240000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 9254000 | 9254000 | 7090063 | 2163937 |
| തനത് ഫണ്ട് | കേരള ഗ്രാമീൺ ബാങ്ക് ആയഞ്ചേരി | 4940640 | 6195161 | 11135801 | 7909234 | 3226567 |
| | ട്രഷറി ടി.എസ്.ബി അക്കൗണ്ട് | 12941951 | 10012876 | 22954827 | 23093392 | -138565 |
| ട്രഷറി സ്പെഷ്യൽ ടി.എസ്.ബി ജോയിന്റ് വെഞ്ചർ | | 0 | 1150200 | 1150200 | 940200 | 210000 |

| | | | | | |
|---|---|---|---|---|---|
| എസ്.ബി.ടി ഇ-പേയ്മെന്റ് | 111 | 7893 | 8004 | 649 | 7355 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 240 | 64285401 | 139 | 33246950 | 2 | 99 | 57.91% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 40552 | 226935 | 267487 | 235341 | 32146 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 13068794 | 13068794 | 13068794 | 0 |
| | 40552 | 13295729 | 13336281 | 13322135 | 32146 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 86760 | 147 |
| കർഷകതൊഴിലാളി പെൻഷൻ | 9304000 | 820 |
| വിധവാപെൻഷൻ | 11326500 | 968 |
| വാർദ്ധക്യകാലപെൻഷൻ | 13220600 | 1082 |
| വികലാംഗപെൻഷൻ | 3666400 | 310 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 159500 | 19 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 240000 | 8 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.12.2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 78300/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

പൊതുവായ ആഭ്യന്തര നിയന്ത്രണ സംവിധാനം സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ നിലനില്ക്കുന്നുണ്ടെങ്കിലും സ്ഥാപനത്തിന്റെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിക്കുന്ന ചില പോരായ്മകൾ നിലനില്ക്കുന്നതായി ഓഡിറ്റ് വേളയിൽ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. 4.10.2017 ലെ 51/2017 നമ്പർ ഉത്തരവ് പ്രകാരം സ്ഥാപനത്തിൽ ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ ജീവനക്കാർ ആരും തന്നെ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. 8/2018 മുതൽ ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും മേലുദ്യോഗസ്ഥർ പരിശോധിക്കുന്നില്ല.അറ്റന്റൻസ് രജിസ്റ്റർ,കാഷ്വൽ ലീവ് രജിസ്റ്റർ എന്നിവ സ്ഥാപനത്തിൽ കൃത്യമായി സൂക്ഷിക്കുന്നുണ്ട്.
2. കേരള പഞ്ചായത്ത് രാജ് ആക്റ്റ് 156(4) ഡി പ്രകാരം പഞ്ചായത്തിനെ സംബന്ധിക്കുന്ന പണം കൊടുക്കലും പണം തിരികെ കൊടുക്കലും പ്രസിഡന്റ് അധികൃതപ്പെടുത്തേണ്ടതാണ്. എന്നാൽ തനത് ഫണ്ടിൽ നിന്നുള്ള ചെലവു വൗച്ചറുകളൊന്നും തന്നെ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി അധികൃതപ്പെടുത്തിയിട്ടില്ല.
3. കെട്ടിടനിർമ്മാണം, കച്ചവടം തുടങ്ങി വിവിധ മേഖലകളിലെ നിയമപരമായ നിയന്ത്രണ സംവിധാനമായി പ്രവർത്തിക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയിട്ടുണ്ട്. പഞ്ചായത്തിൽ വ്യാപാരം/കച്ചവടം എന്നിവയിൽ ഏർപ്പെടുന്നവരെ സംബന്ധിച്ച് വിവരശേഖരണം നടത്തി വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.
4. സ്ഥാപനങ്ങളിലെ ജീവനക്കാർ/ദൈയിഡേഴ്സിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കിയല്ല. ഇത് നികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് കാരണമാകുന്നു.
5. വരുമാനം വിലയിരുത്തുന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. കൂടാതെ വസ്തുനികുതി സംബന്ധിച്ച് 100% പിരിവ് ഉറപ്പുവരുത്തുന്നതിന് ഇടപെടലുകൾ നടത്തിയിട്ടുമുണ്ട്. എന്നാൽ മറ്റെല്ലാ വരവിനങ്ങളുടെയും കാര്യത്തിൽ വിലയിരുത്തലുകളോ ഇടപെടലുകളോ കമ്മിറ്റി നടത്തിയിട്ടില്ല.

<u>രജിസ്റ്ററുകളുടെ സൂക്ഷിപ്പ്- അപാകതകൾ</u>

1)<u>ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം</u>

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരസ്ഥാപനങ്ങളുടെയും

നടത്തിപ്പുകാരുടെയും വിവരങ്ങളടങ്ങിയ പട്ടിക വാർഡ് തിരിച്ച് (ട്രേഡേഴ്സ് ലിസ്റ്റ് )എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ആയഞ്ചേരി ഗ്രാമപഞ്ചായത്തിൽ ഡി&ഒ ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ മാറ്റിയെഴുതിയാണ് സെക്ഷൻ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്.

(2) വസ്തു നികുതി സംബന്ധിച്ച ഡിമാന്റ്, കളക്ഷൻ, ബാലൻസ് രജിസ്റ്റർ (ഡി.സി.ബി )തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

(3) നിർമ്മാണം പൂർത്തിയായതിന് ശേഷം ഘടനാപരമായ മാറ്റങ്ങൾ വന്നിട്ടുള്ള കെട്ടിടങ്ങൾ കണ്ടെത്തി, നികുതി പുനർനിർണ്ണയിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

(4) വേക്കൻസി റെമിഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

(5) ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ കൃത്യമായി വിവരങ്ങൾ ചേർത്ത് പൂർത്തിയാക്കിയിട്ടില്ല. ബിൽഡിംഗ് പെർമിറ്റില്ലാതെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് കെട്ടിട നമ്പർ അനുവദിക്കുന്ന സംഗതികളിൽ കെട്ടിട ക്രമവത്കരണ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

(6) സ്ഥാപനത്തിൽ ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്റർ,വേക്കൻസി റെമിഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

(7) അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തുന്ന പ്രോജക്ടുകളിൽ വർക്ക് രജിസ്റ്റർ, പ്രോജക്ട് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് എഴുതി സൂക്ഷിക്കേണ്ട മേൽ രജിസ്റ്ററുകൾ എഴുതിസൂക്ഷിക്കേണ്ടത് സുതാര്യമായ കണക്കെഴുത്തിനും ലഭിക്കേണ്ട മുഴുവൻ വരുമാനവും പിരിച്ചെടുക്കുന്ന എന്ന് ഉറപ്പുവരുത്തുന്നതിനും അത്യാവശ്യമാണ്. ഇക്കാര്യം മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പു വരുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ഏപ്രിൽ 2018 | 30/04/2018 വരെ | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20/10/2005-02 /11/2005 | 2004-05 | എൽ.ബി.എ(എച്ച്.ക്യൂ)111/89-887 /920തീ.06.02.2006 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വാർഷിക കണക്ക് പരിശോധിച്ച് നം.കെ.എസ്.എ.കെ.കെ.ഡി/ഇ2/1111/2018(3) തീ.16.07.2018 പ്രകാരം സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളതാണ്. മേൽ സാക്ഷ്യപത്രത്തിലെ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ പരിഹരിക്കാതെ അവശേഷിക്കുന്നു.

1.വാർഷിക കണക്ക് പ്രകാരം TPA-151 ട്രഷറി എക്കൗണ്ടിൽ 232160/- രൂപ മുന്നിരിപ്പും നീക്കിയിരിപ്പും ഉണ്ട്.ബന്ധപ്പെട്ട പാസ് ബുക്ക് പരിശോധിച്ചതിൽ 13.01.2002 ന് ശേഷം പ്രസ്തുത അക്കൗണ്ടിൽ ഇടപാടുകൾ ഒന്നും നടന്നതായി കാണുന്നില്ല.2003-04 വർഷത്തെ പലിശ ഉൾപ്പെട്ട

തുകയാണ് 232160/- രൂപ.മേൽ അക്കൌണ്ട് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയുടെ ആധികാരികത വ്യക്തമല്ല.

2.റസീറ്റ് &പേയ്മെന്റ് അക്കൌണ്ട് പരിശോധിച്ചതിൽ R.P-31 പ്രകാരം ജലനിധി പദ്ധതിക്ക് മറ്റ് ഗവൺമെന്റ് ഏജൻസികളിൽ നിന്നുള്ള സഹായം 21166589/- രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. (കോഡ്-320300102). പ്രസ്തുത പദ്ധതിക്കുള്ള ബാങ്ക് അക്കൌണ്ട് പരിശോധിച്ചതിൽ തൻവർഷം ഈയിനത്തിലുള്ള വരവ് 20166589/- രൂപയാണ്.

3.പഞ്ചായത്ത് നൽകയിട്ടുള്ളതും മൂന്ന് വർഷത്തിലധികമായി ക്യാഷ് ചെയ്യാത്തതുമായ ചെക്കുകളെ Liability in respect of stale cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

4.സ്ഥാപനത്തിൽ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ, മിസലേനിയസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് തയ്യാറാക്കിയതിലെ അപാകതകൾ

1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് മാന്വൽ (G.O(Rt)3291/2016 തീ. 02.12.2016) എന്നിവയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് ബജറ്റ് തയ്യാറാക്കേണ്ടിയിരുന്നത്. ആയത് പാലിക്കപ്പെട്ടിട്ടില്ല.

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരുമാനം 126203500/- രൂപയാണ്.എന്നാൽ വാർഷിക കണക്ക് പ്രകാരം 68648406/- രൂപയാണ് വരവ്. ബജറ്റ് വാർഷിക കണക്കുകളുമായി 57555094/- രൂപയുടെ അന്തരം കാണിക്കുന്നുണ്ട്.ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെലവ് 124587350/-രൂപയും വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് 85225010/- രൂപയുമാണ്.39362340/-രൂപയുടെ അന്തരം കാണിക്കുന്നുണ്ട്.

മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. സാംഖ്യ വാർഷിക റിപ്പോർട്ടിലെ ശീർഷകങ്ങൾ ഉൾകൊള്ളിച്ചിട്ടുണ്ടെങ്കിലും സമഗ്രമല്ല.

2.പദ്ധതി, പദ്ധതിയേതര ശുപാർശകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കപ്പെട്ടിട്ടില്ല.

3.വിവിധ ഘടക സ്ഥാപനങ്ങളിലെ തലവന്മാരെ വിളിച്ച് ചേർത്ത് പദ്ധതിയേതര ശുപാർശകൾ തേടുന്നതിന് സെക്രട്ടറി മുൻകൈ എടുത്തിട്ടില്ല.
4. 1994 ലെ പഞ്ചായത്ത് രാജ് നിയമം, ചട്ടം 175 എന്നിവ പ്രകാരം തയ്യാറാക്കുന്ന വികസന പദ്ധതി ചെലവിനങ്ങൾ പൂർണ്ണമായും ബഡ്ജറ്റിൽ ഉൾകൊള്ളിച്ചിട്ടില്ല.

അപാകതകൾ ആവർത്തിക്കാതിരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. ബജറ്റ് രൂപീകരണ പ്രക്രിയയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് മാന്വലിലും പഞ്ചായത്ത് രാജ് ചട്ടങ്ങളിലും പരാമർശിക്കുന്ന നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ട് ഉറപ്പ് വരുത്തേണ്ടതാണ്.

2. ബജറ്റ് രൂപീകരണ പ്രക്രിയയിലെ വിവിധ ഘട്ടങ്ങളുടെ സമയക്രമപട്ടിക തയ്യാറാക്കി ആയത് പാലിക്കപ്പെടുന്നുണ്ടെന്ന് സെക്രട്ടറിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നീരീക്ഷിക്കേണ്ടതാണ്.

## 2-2 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണ്ണച്ചതിൽ നഷ്ടം

ആയഞ്ചേരി ഗ്രാമപഞ്ചായത്തിലെ വസ്തു നികുതിയുമായി ബന്ധപ്പെട്ട രേഖകൾ , സഞ്ചയ സോഫ്റ്റ്

വെയറിലെ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(1) ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപ നിരക്കിലും 200 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 80 രൂപ നിരക്കിലുമാണ് ഭരണസമിതി തീരുമാനപ്രകാരം നികുതി നിശ്ചയിച്ചിരിക്കുന്നത്.

കേരള പഞ്ചായത്ത് രാജ് നിയമം, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ താഴെ പറയുന്ന ക്രമ നം 1 മുതൽ 12 വരെയുള്ള ഘടകങ്ങളിൽ രണ്ടോ അതിലധികമോ ഘടകങ്ങൾ ഒരേ സമയം ബാധകമാവുകയാണെങ്കിലോ ക്രമ നം 13,14 എന്നിവയിൽ പാരാമർശിച്ച ഏതെങ്കിലുമൊരു ഘടകം ബാധകമാവുകയാണെങ്കിലോ പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിനു ബാധകമാവുന്ന രീതിയിൽ വസ്തു നികുതി നിർണയിക്കണമെന്നു നിഷ്കർഷിക്കുന്നുണ്ട്.

| | | |
|---|---|---|
| 1. | കെട്ടിടത്തിന്റെ വിവിധഭാഗങ്ങൾ വിവിധ മേഖലകളിലായാൽ | (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 (ഉപവകുപ്പ് 7, ഉപ വകുപ്പ് 9) |
| 2. | വഴിസൗകര്യത്തിന്റെ ലഭ്യത | |
| 3. | മേൽക്കൂരയുടെ നിർമിതി | |
| 4. | കെട്ടിടത്തിന്റെ കാലപ്പഴക്കം | |
| 5. | തറയുടെ നിർമിതി | |
| 6. | എയർകണ്ടീഷനിംഗ് സൗകര്യം | |
| താഴെ പറയുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ | | |
| 7. | പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്നവ | (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 (ഉപവകുപ്പ് 2, ഉപ വകുപ്പ് 9),2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5),4(1)) |
| | വ്യവസായിക ആവശ്യത്തിനായി ഉപയോഗിക്കുന്നവ | |
| 8. | വിദ്യാലയങ്ങൾക്കോ ,ആശുപത്രികൾക്കോ ആയി ഉപയോഗിക്കുന്നവ | |
| 9. | അമ്യൂസ്മെന്റ് പാർക്കുകൾ, മൊബൈൽ ടെലഫോൺ ടവറുകൾ എന്നിവക്കായി ഉപയോഗിക്കുന്നവ | |
| 10. | വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നവ | |
| 11. | മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നവ | |
| 12. | സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും കെട്ടിടം | |
| 13. | ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളവയാണെങ്കിൽ | 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) |
| 14 | ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ പ്രത്യേകം കെട്ടിട നമ്പർ നൽകിയിട്ടുണ്ടെങ്കിലോ | |

എന്നാൽ മേൽ പരാമർശിക്കാത്ത കാരണങ്ങളാൽ ഒരേ കെട്ടിടത്തിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് ഗ്രാമപഞ്ചായത്തിൽ നികുതി നിർണയിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമ | കെട്ടിട നം | പ്ലിന്ത് ഏരിയ | ഈടാക്കിയ നികുതി | ഈടാ ക്കേണ്ട നികുതി | നഷ്ടം | കുറിപ്പ് |
|---|---|---|---|---|---|---|---|
| 1 | അബ്ദുറഹിമാൻ. നെരോത്ത് കടമേരി പി.ഒ | 4/346A,346C-346H,346J-346M, 346O(12 നമ്പറുകൾ) | ഗ്രൌണ്ട് ഫ്ലോർ-99 m2ഒന്നാം നില-126 m2 ആകെ-225 m2 | ഗ്രൌണ്ട് ഫ്ലോർ-5940 ഒന്നാം നില-7182 ആകെ-13122/- | 9504+11491 =20995 (ഗ്രൌണ്ട് ഫ്ലോർ+ ഒന്നാം നില) | 7873/- | ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക്-80/- |
| 2 | ബഷീർ,ഖാദർ പാലക്കുഴിയിൽ. കുനിങ്ങാട് പി.ഒ | 2/322B-322G | ഗ്രൌണ്ട് ഫ്ലോർ-123.99 m2 ഒന്നാം നില-150.81 m2 ആകെ-274.8 m2 | ഗ്രൌണ്ട് ഫ്ലോർ-7440/- ഒന്നാം നില-8572/- ആകെ-16012/- | 11903+13753 =25656 (ഗ്രൌണ്ട് ഫ്ലോർ+ ഒന്നാം നില) | 9644/- | ബൊധക മായ അടിസ്ഥാന വസ്തു നികുതി നിരക്ക്-80/- |
| | | | | | | | |
| ആകെ തുക | | | | | | 17517/- | |

മേൽ പട്ടികയിൽ കാണിച്ച കെട്ടിടങ്ങളിലെ വ്യത്യസ്ത മുറികൾക്ക് വെവ്വേറെ നികുതി നിശ്ചയിച്ചത് കെട്ടിടത്തിന്റെ മൊത്തം തറവിസ്തീർണ്ണാടിസ്ഥാനത്തിലുള്ള ഉപയോഗം കണക്കിലെടുക്കാതെയാണ്. ഇത് കാരണം നികുതിയിൽ നഷ്ടം സംഭവിച്ചു.

ഒരേ കെട്ടിടത്തിൽ വ്യത്യസ്ത നമ്പർ നൽകുവാനുള്ള സാഹചര്യം, ചട്ടം 4 (1) ൽ പ്രസ്താവിച്ച വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ഉപയോഗപ്പെടുത്തുക എന്നതാണ്. ചട്ടം 4 (1) ൽ പ്രസ്താവിച്ച വ്യത്യസ്ത ഉപയോഗക്രമങ്ങൾ ഇവയാണ്.

| | |
|---|---|
| 1 | പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്നവ |
| 2 | വ്യവസായിക ആവശ്യത്തിനായി ഉപയോഗിക്കുന്നവ |
| 3 | വിദ്യാലയങ്ങൾക്കോ ,ആശുപത്രികൾക്കോ ആയി ഉപയോഗിക്കുന്നവ |
| 4 | അമ്യൂസ്മെന്റ് പാർക്കുകൾ, മൊബൈൽ ടെലഫോൺ ടവറുകൾ എന്നിവക്കായി ഉപയോഗിക്കുന്നവ |
| 5 | വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നവ |
| 6 | മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നവ |

| | |
|---|---|
| 7 | സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും കെട്ടിടം |

എന്നാൽ മേൽപ്പറഞ്ഞ ഇനങ്ങളിൽ കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഉൾപ്പെടുന്നില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും അപാകത ഒഴിവാക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

1) മേൽ കെട്ടിടങ്ങളുടെയും ഇതേ രീതിയിൽ നാളിതുവരെ തെറ്റായി അസസ് ചെയ്ത 100 $m^2$ന് മുകളിലുള്ള എല്ലാ വാണിജ്യ കെട്ടിടങ്ങളുടെയും നികുതി പുനർനിർണ്ണയിച്ച് ഡിമാന്റിൽ മാറ്റം വരുത്തേണ്ടതും നികുതി നഷ്ടം ഒഴിവാക്കേണ്ടതുമാണ്. മേൽ കെട്ടിടങ്ങളുടെ കാര്യത്തിൽ നികുതി നഷ്ടം 17517/- രൂപ ഈടാക്കേണ്ടതുമാണ്.

2) മേൽ നടപടിക്രമങ്ങൾ പാലിക്കുന്നത് മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും നിരീക്ഷിക്കേണ്ടതും ഫലപ്രാപ്തി ഉറപ്പുവരുത്തേണ്ടതുമാണ്.

മേൽ നടപടിക്രമങ്ങൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതാണ്.

## 2-3 ഡി&ഒ ലൈസൻസ് - അപാകതകൾ

2017-18 വർഷത്തിലെ ഡി&ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ലൈസൻസിന്റെ കാലാവധി പ്രസിഡന്റ് ഒരു മുൻ തിയ്യതിയിൽ അതിന്റെ കാലാവധി അവസാനിക്കണമെന്ന് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തിയ്യതിയിൽ അവസാനിക്കുന്നതുമാകുന്നു.

2017-18 വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2017 ഫെബ്രുവരി മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. എന്നാൽ ഇവയിൽ വളരെ പരിമിതമായ എണ്ണം മാത്രമാണ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരിയിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. സാമ്പത്തിക വർഷം അവസാനിച്ച് പിന്നീട് ലൈസൻസ് പുതുക്കുന്നത് വരെ ഇത്തരം സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നത്.

ചട്ടങ്ങളിൽ പറയുന്ന പ്രകാരമല്ലാതെ ലൈസൻസ് പുതുക്കി നൽകിയതിന് വിശദീകരണം നൽകേണ്ടതും, സ്ഥാപനങ്ങൾ നിയമവിരുദ്ധമായി പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടി വിശദീകരിക്കേണ്ടതുമാണ്.

2)ഡി &ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994ലെ കേരള പഞ്ചായത്ത് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ

യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ , ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല. സഞ്ചയയിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം വാണിജ്യ/വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി ആകെ 2326 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ വാണിജ്യ/വ്യാവസായിക കെട്ടിടങ്ങൾ ഉപയോഗിക്കാത്തിനാൽ ഒഴിവായി കിടക്കുന്നതായി കാണിച്ച് നികുതി ഇളവിന് അപേക്ഷകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല. ഓഡിറ്റ് വർഷം 433 പേർക്ക് മാത്രമാണ് ഡി & ഒ ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ കെട്ടിടങ്ങളും ലൈസൻസ് എടുക്കാതിരിക്കുമ്പോൾ ലൈസൻസ് ഫീസിനത്തിൽ ലഭിക്കേണ്ടുന്ന തുക പഞ്ചായത്തിന് നഷ്ടമാകുന്നുണ്ട്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് യാതൊരു നടപടിയും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല. വാണിജ്യ/വ്യാവസായിക ആവശ്യങ്ങൾക്കായി കെട്ടിടനമ്പർ നൽകിയ കെട്ടിടങ്ങളിൽ ഭൗതികപരിശോധന നടത്തി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതും എല്ലാ സ്ഥാപനങ്ങളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വന്ന് ലൈസൻസ് ഫീസിനത്തിലെ വരുമാനം വർദ്ധിപ്പിക്കേണ്ടതുമാണ്.

3)<u>അപേക്ഷകൾ അപൂർണ്ണം</u>

ഡി&ഒ ലൈസൻസ് അപേക്ഷകളിൽ അപേക്ഷയിലെ മുഴുവൻ വിവരങ്ങളും അപേക്ഷകൻ രേഖപ്പെടുത്തുന്നില്ല.ഉദാ: അപേക്ഷ നം-155/17-18 കുഞ്ഞബ്ദുള്ള ഹാജി പന്തൽ തറോപ്പൊയിൽ. ലൈസൻസ് ഫയൽ കൈകാര്യം ചെയ്യുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ മിക്ക അപേക്ഷകളിലും ആവശ്യമായ അന്വേഷണറിപ്പോർട്ട് ഉൾപ്പെടുത്തുന്നില്ല.ചില ലൈസൻസ് അപേക്ഷകളിൽ സ്ഥാപനത്തിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നു എന്നത് പോലും രേഖപ്പെടുത്തിയിട്ടില്ല. ഉദാ- അപേക്ഷ നം-388/17-18 ശ്രീ.ശ്രീജേഷ് പി S/O കുഞ്ഞിരാമൻ പറമ്പത്ത്. ലൈസൻസ് അപേക്ഷകളിൽ ആവശ്യമായ ഫീൽഡ് അന്വേഷണം നടത്തിയതിന് ശേഷം ലൈസൻസ് അനുവദിക്കേണ്ടതാണ്.

4)<u>ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം</u>

സ്ഥാപനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആധികാരികത ഇല്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അസസ്മെന്റ് രജിസ്റ്റർ പ്രിന്റെടുത്ത് ആയതിൽ ലൈസൻസിന് അപേക്ഷിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ എഴുതി ചേർത്ത് തയ്യാറാക്കിയ രജിസ്റ്ററാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. എല്ലാ വാർഡിന്റെയും ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടുമില്ല. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി പ്രകാരം വ്യവസായ ,വാണിജ്യ കെട്ടിടങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ നോട്ടീസ് മൂലം കെട്ടിടത്തിന്റെ ഉപയോഗം സംബന്ധിച്ച വിവരം തേടിയതിന്റെയോ ഫീൽഡ് പരിശോധനയുടെയോ അടിസ്ഥാനത്തിൽ അല്ല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

1. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വാണിജ്യാവശ്യങ്ങൾക്കുള്ള 2326 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ട്. എന്നാൽ 2017-18 വർഷത്തിലെ ലൈസൻസ് രജിസ്റ്റർ പ്രകാരം 433 പേർ മാത്രമാണ് ഡി&ഒ ലൈസൻസെടുത്തിട്ടുള്ളത്. ഭൂരിഭാഗം കെട്ടിടങ്ങളിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് നിയമാനുസൃതമായ ലൈസൻസ് എടുത്തിട്ടല്ല എന്നത് ഇതിൽനിന്നും വ്യക്തമാവുന്നു.
2. സ്ഥാപന പരിധിയിൽ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഫോറം 2 ലുള്ള രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. (1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ

ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ) ചട്ടങ്ങൾ പ്രകാരമുള്ളത്) . 1999 ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ) ചട്ടങ്ങൾ പ്രകാരം ഫോറം നം. 2 ലുള്ള രജിസ്റ്ററും സ്ഥാപനത്തിൽ തയ്യാറാക്കി സംരക്ഷിക്കുന്നില്ല.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന്, കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205.ബി പ്രകാരം (തൊഴിൽ നികുതി) വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള 2326 കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തിയും, ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-4 തൊഴിൽ നികുതി അപാകതകൾ

i). ഡിമാൻഡ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത

2017-18സാമ്പത്തിക വർഷത്തിൽ കച്ചവടക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ഡിമാൻഡ്റജിസ്റ്ററിൽ അപൂർണ്ണമാണ്.കച്ചവടക്കാരന്റെ പേരും വിലാസവും ഈടാക്കിയ തുകയും മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ജോലി, സ്ഥാപനം, അർദ്ധവാർഷികവരുമാനം, സ്ലാബ് എന്നിവ തൊഴിൽ നികുതി ഡിമാന്റ് റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205ഐ പ്രകാരം, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാൻഡ് രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല.

ii)തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2017-18 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലിചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം | ലൈസൻസ് അപേക്ഷകന്റെ പേര് | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അപേക്ഷ നം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | ശ്രീ. റിയാസ് എം<br>ചെള്ളാട്ട് പൊയിൽ | സൂര്യ സിമന്റ് പ്രോഡക്ട്സ്<br>ആയഞ്ചേരി | 2/17-18 | 2 |
| 2 | ശ്രീ.പ്രവീൺ പി<br>വൃന്ദാവനം.മുനിസിപ്പൽ പാർക്ക് വടകര | ക്ലാസിക് ഡയഗ്നോസ്റ്റിക് ലാബ്&ഇ.സി.ജി<br>ആയഞ്ചേരി | 7/17-18 | 3 |
| 3 | ശ്രീ.പ്രവീൺ പി<br>വൃന്ദാവനം.മുനിസിപ്പൽ പാർക്ക് വടകര | ആപ്പിൾ ഡെന്റൽ കെയർ -ആയഞ്ചേരി | 6/17-18 | 2 |

| | | | | |
|---|---|---|---|---|
| 4 | ശ്രീ.ഹംസ ചെറിയ തയ്യിൽ ചേലക്കാട് .കല്ലാച്ചി | മില്ലെനിയം പർദ്ദ ടൈലറിംഗ് ആയഞ്ചേരി | 371/17-18 | 4 |
| 5 | ശ്രീ.ലതീഷ് ആർ.കെ രാമത്ത് താഴകുനി വില്ല്യാപ്പള്ളി പി.ഒ | സൗഭാഗ്യ ടെക്സ്റ്റെയിൽസ്&റെഡിമെയ്ഡ്സ് ആയഞ്ചേരി | 191/17-18 | 3 |
| 6 | ശ്രീ.സവാദ് വി.കെ വരവ് കണ്ടി ശ്രീ.കുഞ്ഞമ്മത് സി.വി ചെറിയ വാഴേരി | ഗ്രാന്റ് ബേക്കറി ആയഞ്ചേരി | 215/17-18 | 3 |
| 7 | ശ്രീ.വി.കെ മുഹമ്മദ് സലീം. നദീറ മൻസിൽ .ആയഞ്ചേരി | നാച്ചുറൽ കാർബൺസ് | 216/17-18 | 2 |
| 8 | ശ്രീ.സുലൈമാൻ കളരിയുള്ളതിൽ.വള്ള്യാട് | ഹൈ ഫൈ ടെക്സ്റ്റെയിൽസ് | 222/17-18 | 3 |
| 9 | ശ്രീ.ഷാജി കെ കുറ്റിയിൽ ചെമ്മരത്തൂർ | ടാലന്റ് ടൂ വീലർ വർക്ക് ഷോപ്പ് | 247/17-18 | 3 |
| 10 | ഡോ. നസീം ടി തുണ്ടിയിൽ | ഡെന്റൽ ക്ലിനിക് | 262/17-18 | 2 |
| 11 | ശ്രീ.അബ്ദുൾ സലാം പി.കെ | സിൽക്കി മാൾ | 265/17-18 | 2 |
| 12 | ശ്രീ.സി സുബൈർ S/O മൊയ്തീൻ ചെട്ടീന്റവിട | മൈക്രോ ഡയഗ്നോസ്റ്റിക്സ് | 268/17-18 | 2 |
| 13 | ശ്രീ അബൂബക്കർ പി.പി പുതിയ പുരയിൽ കടവത്തൂർ പി.ഒ | സ്വർണ്ണാഞ്ജലി ഗോൾഡ് | 306/17-18 | 2 |
| 14 | ശ്രീ.സമീർ എം മരന്നൂർ എളയിടം | പേൾ വൈറ്റ് ഹൈപ്പർമാർക്കറ്റ് | 307/17-18 | 10 |
| 15 | ശ്രീ ചന്ദ്രൻ കന്നോറേമ്മൽ കടമേരി | പുതുമ ഹോട്ടൽ | 305/17-18 | 2 |
| 16 | ശ്രീ മുനീർ വി.എം വാതുക്കൽ പറമ്പത്ത് | റിയൽ ബേക്സ് & കൂൾ ബാർ | 317/17-18 | 2 |
| 17 | ശ്രീ. നയീം കെ.കെ കിഴക്കെ കുന്തിലോട്ട് ശ്രീ റഷീദ് പി.കെ പൂളോർകണ്ടി | ചരിഷ്മ ട്രാവൽ ഏജൻസി | 353/17-18 | 2 |

| | | | | |
|---|---|---|---|---|
| 18 | ശ്രീ ദിപിൻ ഡി.പി<br>കാർത്തിക.പൊൻമേരി പറമ്പിൽ | എയിം എ.ടി.എം ഇലക്ട്രോണിക്സ് സർവ്വീസ് | 366/17-18 | 5 |
| 19 | ശ്രീ അബ്ദുൾ ഫിറോസ് കെ.സി ഹൌസ് കുറ്റ്യാടി | കമ്പനി സോമിൽ | 385/17-18 | 7 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സ്ഥാപന ഉടമകൾ പഞ്ചായത്തിൽ സമർപ്പിക്കുകയോ ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി ഡിമാന്റ് റജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ജീവനക്കാരന്റെ പേര്,അർദ്ധവാർഷിക വരുമാനം,ഈടാക്കിയ നികുതി,രസീത് നം,തീയതി സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3)<u>സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

2017-18 സാമ്പത്തിക വർഷത്തിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

(1)അക്ഷയ സെന്റർ-ആയഞ്ചേരി (ജീവനക്കാരുടെ തൊഴിൽ നികുതി ഉൾപ്പെടെ)

(2)അക്ഷയ സെന്റർ-തണ്ണീർപന്തൽ (ജീവനക്കാരുടെ തൊഴിൽ നികുതി ഉൾപ്പെടെ)

(3)അൻസാർ ജൂനിയർ കോളേജ് ആയഞ്ചേരി

(4)ആയഞ്ചേരി അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

(5)കല്ലേരി ക്ഷീരോൽപാദക സഹകരണ സംഘം

(6)പുതിയോട്ടുമ്മൽ ക്ഷീരോൽപാദക സഹകരണ സംഘം

(7)മംഗലാട് ക്ഷീരോൽപാദക സഹകരണ സംഘം

4)<u>വാണിജ്യ/വ്യാവസായിക കെട്ടിടങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ അപാകത</u>

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വാണിജ്യാവശ്യങ്ങൾക്കുള്ള 2326 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ട്. വേക്കൻസി റെമിഷന് വേണ്ടി 210 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. 433 ലൈസൻസ് അപേക്ഷകൾ ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടുണ്ട്. ലൈസൻസില്ലാതെ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നതായി ഇതിൽ നിന്നും വ്യക്തമാവുന്നു. ഇത് തൊഴിൽ നികുതിയിനത്തിൽ വരുമാന നഷ്ടം ഉണ്ടാകുന്നു.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ കെട്ടിട ഉടമകൾക്കും നോട്ടീസ് നൽകിയും വാർഡ് തലത്തിൽ ഫീൽഡ് അന്വേഷണം നടത്തിയും സ്ഥാപന രജിസ്റ്റർ തയ്യാറാക്കി സ്ഥാപന ഉടമകളിൽ നിന്നും നിയമാനുസൃതം ലൈസൻസ് എടുപ്പിച്ചതിന് ശേഷം തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-5 <u>ലോഡ്ജിംഗ് പെർമിറ്റ് ഇല്ലാത്ത കെട്ടിടങ്ങളിൽ ആളുകളെ താമസിക്കുന്നതിനെതിരെ നടപടികൾ സ്വീകരിക്കുന്നില്ല.</u>

പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ 13.10.17 ചേർന്ന യോഗത്തിലെ 1-ാം നമ്പർ തീരുമാന പ്രകാരം ലോഡ്ജിംഗ് പെർമിറ്റ് ഇല്ലാത്ത ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പല കെട്ടിടങ്ങളിലും ആളുകളെ വാടകക്ക് താമസിപ്പിക്കുന്നതായും വാടക ഇനത്തിൽ വൻതുക

കെട്ടിട ഉടമകൾ ഈടാക്കി വരുന്നതായും സ്റ്റാന്റിംഗ് കമ്മറ്റി നിരീക്ഷിക്കുകയും ഇത്തരം കെട്ടിടങ്ങളെ സംബന്ധിച്ച് അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ നാൾ ഇതുവരെ മേൽ കാര്യത്തിൽ തുടർ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. ഗ്രാമപഞ്ചായത്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിൽ അനധികൃത ലോഡ്ജിംഗിന് എതിരെ പഞ്ചായത്ത് ഏതെങ്കിലും വിധത്തിലുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരം ലഭ്യമാക്കാനാവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കൈകൊണ്ട നടപടികളുടെ വിശദ വിവരം അറിയിക്കേണ്ടതാണ്.

## 2-6 ബിൽഡിംഗ് പെർമിറ്റ് അപാകതകൾ

2017-18 വർഷത്തിൽ ബിൽഡിംഗ് പെർമിറ്റ്, കംപ്ലീഷൻ, ക്രമവത്കരണം, പെർമിറ്റ് പുതുക്കൽ എന്നിവയുമായി ബന്ധപ്പെട്ട് സ്ഥാപനത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ, ബിൽഡിംഗ് പെർമിറ്റ് അപേക്ഷാ രജിസ്റ്ററുകൾ, ക്രമവത്കരണ അപേക്ഷാ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 2017-18 ൽ ആകെ ലഭിച്ച 204 അപേക്ഷകളിൽ 76 എണ്ണവും ക്രമവത്കരണത്തിനുള്ളതാണ്.2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിലെ, ചട്ടം 138 ൽ കെട്ടിടങ്ങളുടെ ക്രമവത്കരണം നടത്തുന്നതിന് സെക്രട്ടറിക്കുള്ള അധികാരങ്ങൾ വ്യക്തമാക്കുന്നതിനൊപ്പം അനധികൃത കെട്ടിട നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തടയുന്നതിൽ സെക്രട്ടറിക്ക് ചട്ട പ്രകാരമുള്ള ഉത്തരവാദിത്തം ഒഴിവാക്കപ്പെടുന്നില്ലെന്നത് പരാമർശിക്കുന്നുണ്ട്. എന്നാൽ മേൽ ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിൽ സെക്രട്ടറി വീഴ്ച വരുത്തി എന്നാണ് ഈ ഇനത്തിൽ ലഭ്യമാവുന്ന അപേക്ഷകളുടെ എണ്ണം സൂചിപ്പിക്കുന്നത്. പെർമിറ്റില്ലാതെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച 76 കെട്ടിടങ്ങൾ നിർമ്മാണ ഘട്ടത്തിൽ തന്നെ ഫീൽഡ് പരിശോധയിലൂടെ തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല.
2. കെട്ടിട പെർമിറ്റ് അനുവദിച്ച അപേക്ഷകളിൽ നിർമ്മാണം പൂർത്തീകരിക്കുമ്പോൾ പൂർത്തീകരണ വിവരം പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഇത് കാരണം പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ ചെയ്യാത്ത കെട്ടിടങ്ങളെ കണ്ടെത്താൻ സാധിക്കുന്നില്ല. അനധികൃത നിർമ്മാണങ്ങൾ വർദ്ധിക്കുന്നതിനും വരുമാന നഷ്ടം ഉണ്ടാകുന്നതിനും ഇത് കാരണമാകുന്നു.
   ഗ്രാമ പഞ്ചായത്തിലെ അനധികൃത നിർമ്മാണങ്ങൾ ഫീൽഡ് പരിശോധന നടത്തി കണ്ടെത്തി നിയമാനുസൃതം പെർമിറ്റ് എടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കാർഷിക നടീൽവസ്തുക്കൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവ് തുക 5,12,000/- രൂപ തടസ്സപ്പെടുത്തുന്നു

2017-18 സാമ്പത്തിക വർഷം കൃഷിഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ പദ്ധതികൾ രൂപീകരിച്ച് കർഷകർക്ക് നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് എന്നാൽ നടീൽവസ്തുക്കൾ വിതരണം ചെയ്തതിന്റെയും നടീൽവസ്തുക്കൾ കൈപ്പറ്റിയതിന്റെയും രേഖകൾ ഓഡിറ്റിന് പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ല. നടീൽവസ്തുക്കൾ ഗുണഭോക്താക്കൾക്ക് നൽകുന്നതിനുവേണ്ടി രൂപീകരിച്ച പദ്ധതികളുടെയും തുക ചെലവഴിച്ചതിന്റെയും അപാകതകളുടെയും

വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമനം | പദ്ധതികളുടെ പേര്/നം | അടങ്കൽ | ചെലവ് തുക/ബിൽനം | നടീൽ വസ്തുക്കൾ ലഭ്യമാക്കിയസ്ഥാപനം ക്യാഷ് ബിൽനം. | അപാകതകൾ |
|---|---|---|---|---|---|
| 1 | സമഗ്രവാഴകൃഷി വികസനത്തിന് നടീൽവസ്തു 181/18 | 3,00,000/- വികസനഫണ്ട്. | 3,00,000/- 2/2017-18 തീ.21.2.2018 | വി.എഫ്.പി.സി.കെ താമരശ്ശേരി എച്ച്.ഒ.കെ.കെ.ഡി /724/തീ.6.1.2018 (വാഴക്കന്ന് ഒന്നിന് 15 രൂപ നിരക്കിൽ 20000എണ്ണം= 300000/- രൂപ) | 250 ഗുണഭോക്താക്കൾക്ക് വേണ്ടി വാങ്ങിയ20000 വാഴക്കന്നുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെയും ഗുണഭോക്താക്കൾ നടീൽവസ്തുക്കൾ കൈപ്പറ്റിയതിന്റെയുംരേഖകൾ ഹാജരാക്കിയിട്ടി ല്ല. |
| 2 | ഇടവിള കൃഷി വ്യാപനം 183/18 | 2,00,000/- വികസനഫണ്ട്. | 2,00,000/- 3/2017-18 തീ.21.2.2018 | വി.എഫ്.പി.സി.കെ താമരശ്ശേരി എച്ച്.ഒ.കെ.കെ.ഡി /732/തീ.26.1.2018 (ചേന,ചേമ്പ്,ഇഞ്ചി, മഞ്ഞൾ എന്നിവയടങ്ങിയ കിറ്റ് ഒന്നിന് 1000 രൂപ നിരക്കിൽ 200എണ്ണം=200000/- രൂപ) | 200 ഗുണഭോക്താക്കൾക്ക് വേണ്ടി വാങ്ങിയചേന, ചേമ്പ്,ഇഞ്ചി, മഞ്ഞൾ എന്നിവയടങ്ങിയ 200 കിറ്റുകളിൽ 188എണ്ണം വിതരണം ചെയ്ത് ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ രേഖകൾ മാത്രമേ പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളു. 12,000/-രൂപയ്ക്ക് വാങ്ങിയ 12കിറ്റുകൾ |

| | | | | | |
|---|---|---|---|---|---|
| | | | | | വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 3 | പച്ചക്കറി വിത്ത് വിതരണം197/18 | 1,00,000/- വികസനഫണ്ട്. | 1,00,000/- 5/2017-18 തീ.21.2.2018 | ജില്ലാ കൃഷി ഫാം, കുത്താളി 361/2018 തീ. 31.1.2018. (പച്ചക്കറി തൈ ഒന്നിന് 2.20രൂപ നിരക്കിൽ 45460എണ്ണം= 100000/- രൂപ) | 963ഗുണഭോ ക്താക്കൾക്ക് വിത രണത്തിനാ യിവാങ്ങിയ 45460 പച്ചക്കറി തൈകൾ ഗുണഭോ ക്താക്കൾക്ക് വിതരണം ചെയ്തതിന്റെയും ആയത് ഗുണഭോക്താക്കൾ കൈപ്പറ്റി യതിന്റെയുംരേഖകൾ ഹാജരാക്കിയിട്ടില്ല. |
| 4 | കുരുമുളക് കൃഷിവ്യാപനത്തിന് നടീൽ വസ്തുക്കൾ | 1,00,000/- വികസനഫണ്ട്. | 1,00,000/- 7/2017-18 തീ.17.3.2018 | അഗ്രോ സർവ്വീസ് സെന്റർ ചാത്തമംഗലം 143/2018 തീ .27.2.2018 (കുരുമുളക് തൈ ഒന്നിന് 9 രൂപ നിരക്കിൽ 11,112എണ്ണം= 100000/- രൂപ) | 277ഗുണഭോ ക്താക്കൾക്ക് വിതരണത്തിനായി വാങ്ങിയ 11,112കുരുമുളക് തൈകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെയും ആയത് ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെയും രേഖകൾ ഹാജരാ ക്കിയിട്ടില്ല. |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |

നടീൽ വസ്തുക്കൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ ചെലവ് തുക 5,12,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-2 വാഴ, നെല്ല് എന്നിവ കൃഷിചെയ്യുന്നതിന് കർഷകർക്ക് സബ്സിഡി ആനുകൂല്യം വിതരണംചെയ്തതിൽ സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചിട്ടില്ല. 13,000/-രൂപ നിരാകരിക്കുന്നു

2017-18 സാമ്പത്തിക വർഷം നെൽകൃഷി,വാഴകൃഷി എന്നിവയുടെ പരിപോഷണത്തിനായും പട്ടികജാതി വിഭാഗത്തിൽപ്പെട്ട കർഷകരെ കൃഷിയിലേക്കാകർഷിക്കുന്നതിനും ലക്ഷ്യംവെച്ച് രൂപീകരിച്ച പദ്ധതികളാണ് 'വാഴകൃഷിവ്യാപനത്തിന് പട്ടികജാതിക്കാർക്ക് സബ്സിഡി' നൽകൽ, 'പട്ടികജാതിക്കാർക്ക് നെൽകൃഷിക്ക് കൂലിച്ചെലവ്' എന്നിവ. കൃഷി ഓഫീസറാണ് പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ. പദ്ധതികൾ നടപ്പിലാക്കി കർഷകർക്ക് ആനുകൂല്യം വിതരണം നടത്തുമ്പോൾ സ.ഉ(എം.എസ്)നമ്പർ80/2017തസ്വഭവ,തീ.3.4.2017 അനുസരിച്ചുള്ള സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 8.1ലെ ക്രമ നം. 3,4 എന്നിവയിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾ പാലിക്കാതെയാണ് സബ്സിഡി നൽകിയത്. പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിയതിന്റെയും തുക ചെലവഴിച്ചതിന്റെയും, സബ്സിഡി മാർഗ്ഗരേഖ കണക്കാക്കാതെ കർഷകർക്ക് അധികം തുക നൽകിയതിന്റെയും വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമനം | പദ്ധതികളുടെ പേര്/നം | അടങ്കൽ | ചെലവ് തുക/ബിൽനം | സബ്സിഡി മാർഗ്ഗരേഖ പ്രകാരം കർഷകന് നൽകാവുന്ന സബ്സിഡി തുക | അധികതുക കൈപ്പറ്റിയ കർഷകന്റെ പേര്/ നൽകിയ തുക | അധി കതുക |
|---|---|---|---|---|---|---|
| 1 | വാഴകൃഷിവ്യാപനത്തിന് പട്ടിക ജാതിക്കാർക്ക് സബ്സിഡി നൽകൽ186/18 | 88,650/- വികസന ഫണ്ട്. എസ്. സി.പി | 33,500/- 11/2017-18 തീ.26.3.2018 | ഒരു കർഷന് പരമാവധി 3500/-രൂപ | 1)കുഞ്ഞിരാമൻ - 5000/-<br>2)സുനികുമാർ. എ.ടി-5000/-<br>3)സുജീന്ദ്രൻ.എ.ടി - 5000/-<br>4)സുബാഷ്- 5000/-<br>5)സുധീർ.എ.ടി.- 5000/- | 1500/-<br>1500/-<br>1500/-<br>1500/-<br>1500/-<br>1500/-<br>ആകെ 9000/- |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 6)നാണു- 5000/- | |
| 2 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി 192/18 | 61,000/- വികസന ഫണ്ട്. എസ്. സി.പി | 57,520/- 12/2017-18 തീ.27.3.2018 | ഒരുഹെക്ടറി ന് 17000/ രൂപ എന്ന നിരക്കി ൽ പരമാ വധി 30,000/-രൂപ | നാരായണി 34000/- | 4000/- |
| ആകെ 13,000/- | | | | | | |

സബ്സിഡി മാർഗ്ഗരേഖ പരിധി ലംഘിച്ച് കർഷകർക്ക് 13000/-രൂപ അധികം നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല അധികം നൽകിയ 13000/-രൂപ നിരാകരിക്കുന്നു. തുക അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-3 ഐ.കെ.എം വിഹിതം നൽകൽ,എസ്.എസ്.എ വിഹിതം നൽകൽഎന്നീ പദ്ധതികളുടെ വിനിയോഗവിവരം ഹാജരാക്കാത്തതിനാൽ ചെലവ്തുക 8,55,453/- രൂപ തടസ്സത്തിൽ വെക്കുന്നു

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, ഹെഡ്മാസ്റ്റർ,ജി.യു.പി.സ്കൂൾപറമ്പിൽ എന്നീനിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ താഴെപറയുന്ന പദ്ധതികൾക്ക് ചെലവഴിച്ച തുകകളുടെ വിനിയോഗം സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ നൽകുന്നു.

1) ഐ.കെ.എം വിഹിതം നൽകൽ

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഐ.കെ.എം വിഹിതം നൽകൽ (പ്രോജക്ട് നം6/2018) എന്ന പദ്ധതിക്ക് വികസനഫണ്ടിൽ നിന്ന് ബിൽനം 17/17-18 നമ്പറായി 55453/- രൂപ31.10.2017തീയ്യതിയിൽ വടകര സബ്ട്രഷറിയിൽ നിന്ന് പിൻവലിച്ച് ഐ.കെ.എം പ്രോജക്ട് ഡയറക്ടർക്ക് നൽകിയിട്ടുണ്ട് . എന്നാൽ മേൽ തുക വിനിയോഗിച്ചത് സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ചെലവ് തുക 55,453/-രൂപ തടസ്സത്തിൽ വെക്കുന്നു.

2) എസ്.എസ്.എ വിഹിതം നൽകൽ

ഹെഡ്മാസ്റ്റർ, ജി.യു.പി.സ്കൂൾ, പറമ്പിൽ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ എസ്.എസ്.എ വിഹിതം നൽകൽ (പ്രോജക്ട്നം.146/2018) എന്ന പദ്ധതിക്ക് വികസനഫണ്ടിൽ നിന്ന് 2017-18 സാമ്പത്തിക വർഷം ബിൽ നം. 1/17-18 നമ്പറായി 8,00,000/- രൂപ 31.7.2017തീയ്യതിയിൽ വടകര സബ്ട്രഷറിയിൽനിന്ന് പിൻവലിച്ച് പ്രോജക്ട് ഓഫീസർ എസ്.എസ്.എ കോഴിക്കോടിന്

നൽകിയിട്ടുണ്ട് . എന്നാൽ മേൽ തുക വിനിയോഗിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ചെലവ് തുക 8,00,000/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-4 സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകൽ -സബ്സിഡി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്കനുസൃതമല്ലാത്ത തുക ചെലവഴിക്കുമ്പോൾ സർക്കാരിൽ നിന്ന് മുൻകൂർ അനുമതി വാങ്ങേണ്ടതാണ്

ഹെഡ്മാസ്റ്റർ,ജി.യു.പി.സ്കൂൾപറമ്പിൽ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകൽ (പ്രോജക്ട്നം.147/2018) എന്ന പദ്ധതിക്ക് വികസനഫണ്ടിൽ നിന്ന് 1,13,495/-രൂപ ചെലവഴിച്ചിട്ടുണ്ട്. (ബിൽ നം.2/17-18 തീയ്യതി 31.10.2017,ബിൽ നം.5/17-18 തീയ്യതി 31.3.2018 സബ്ട്രഷറി, വടകര) ഗ്രാമപഞ്ചായത്തിലെ ഒരു സർക്കാർ സ്കൂളിലെയും 16 എയ്ഡഡ് സ്കൂളിലെയും വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നല്കാനാണ് പദ്ധതി രൂപീകരിച്ച് തുക ചെലവഴിച്ചത്.

സർക്കാർ ഉത്തരവ് എം.എസ് നമ്പർ 80/2017തസ്വഭവ തീയ്യതി 3.4.2017 പ്രകാരം പുറപ്പെടുവിച്ച സബ്സിഡിമാർഗ്ഗരേഖയിലെ ഖണ്ഡിക 21ൽ 4 അനുസരിച്ച് സർക്കാർ എൽ.പി,യു.പി.സ്കൂളിലെ കുട്ടികൾക്ക് ഗ്രാമ-നഗര ഭരണസ്ഥാപനങ്ങൾക്ക് പ്രഭാത ഭക്ഷണം നൽകുന്ന പദ്ധതി ഏറ്റെടുക്കാവുന്നതാണ്.

മേൽ സർക്കാർ ഉത്തരവിലെ മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പ്രകാരം സർക്കാർ എൽ.പി,യു.പി.സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് മാത്രമേ പ്രഭാത ഭക്ഷണം നൽകാൻ പഞ്ചായത്തുകൾക്ക് പദ്ധതി രൂപീകരിച്ച് തുക ചെലവഴിക്കാൻ അധികാരമുള്ളു. എന്നാൽ എയ്ഡഡ് സ്കൂളിലെ കുട്ടികളെയും പദ്ധതിയുടെ ഗുണഭോക്താക്കളാക്കിയാണ് ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം തുക ചെലവഴിച്ചത്. സബ്സിഡി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്കനുസൃതമല്ലാതെ തുക ചെലവഴിക്കാനുണ്ടായ സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരികയും സർക്കാരിൽ നിന്ന് മുൻകൂർ അനുമതി വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.

## 3-5 കർഷകർക്ക് വിതണം ചെയ്യുന്നതിനായി ടെണ്ടർ/ക്വട്ടേഷൻ നടപടി സ്വീകരിക്കാത്ത നെൽകൃഷിക്ക് കുമ്മായം വാങ്ങി-ചെലവ്തുക **2,64,837/-** രൂപ തടസ്സത്തിൽ വെക്കുന്നു

കൃഷിഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് നെൽകൃഷിക്ക് വിത്ത്, വളം, കുമ്മായം, കൂലിച്ചെലവ് സബ്സിഡി നൽകൽ എന്ന പദ്ധതി. ഗ്രാമപഞ്ചായത്തിലെ നെൽകൃഷിയുടെ സമഗ്ര വികസനം ലക്ഷ്യം വെച്ച് രൂപീകരിച്ച പദ്ധതിയാണിത്. 2017-18വർഷം 14,28,145 രൂപ ചെലവഴിച്ച് നടപ്പിലാക്കിയ ഈ പദ്ധതിയിൽ 2,64,837/- രൂപ ചെലവഴിച്ചത് കർഷകർക്ക് കുമ്മായം വാങ്ങി വിതരണം ചെയ്യാനാണ്. മേൽ തുക ചെലവഴിച്ച് 23,539കിലോഗ്രാം വാങ്ങിയതിന് ടെണ്ടർ/ക്വട്ടേഷൻ നടപടികൾ പാലിച്ചതായി കാണുന്നില്ല. കൂടാതെ പാടശേഖരസമിതി നേരിട്ടാണ് കുമ്മായം വാങ്ങി ഗുണഭോക്താക്കൾക്ക് നൽകിയത്. പദ്ധതി നടപ്പിലാക്കിയതിന്റെയും തുക ചെലവഴിച്ചതിന്റെയും, അപാതകളുടെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമ നം | പദ്ധതിയുടെ പേര്/നം | അടങ്കൽ | ചെലവ് തുക/ബിൽ നം | ചെലവ് വിവരം | അപാകത കൾ |
|---|---|---|---|---|---|
| 1 | നെൽകൃഷിക്ക് വിത്ത്,വളം | 11,54,355/- (വികസനഫണ്ട്) | 9,02,125/- (വികസന | 1)വികസന ഫണ്ട് | ടെണ്ടർ/ക്വട്ടേഷൻ നടപടിയിലൂടെ |

| | | | | | |
|---|---|---|---|---|---|
| | കുമ്മായം കൂലിച്ചെലവ് സബ്സിഡി നൽകൽ<br>169/18 | 4,25,000/-<br>(ജില്ലാപഞ്ചായത്ത്)<br>10,4000/ (തനത്ഫണ്ട്)<br>170355/- ഗുണഭോക്തൃവിഹിതം<br>-------------<br>18,53,710/- | ഫണ്ട്)<br>1/2017-18 തീ.21.2.2018<br>3/2017-18<br>തീ21.2.2018<br>6/2017-18<br>തീ17.3.2018<br>8/2017-18<br>തീ 27.3.2018<br>21/2017-18<br>തീ.31.3.2018<br>4,25,000/-<br>(ജില്ലാപഞ്ചാ യത്ത് ) ചെക്ക്നം. 480965 തീ22.32018<br>10,1,020/-<br>തനത് ഫണ്ട്<br>ചെക്ക് നം2054541<br>തീ.31.3.2018<br>------------<br>14,28,145/- | 264837/-കുമ്മായ വില<br>157605/-നെൽ വിത്ത്<br>425000/-കൂലിച്ചെലവ്<br>54683/-വളംവില<br>------------<br>9,02,125/-രൂപ<br>2)ജില്ലാപഞ്ചായത്ത് 425000/-കൂലിച്ചെലവ്<br>3)തനത്ഫണ്ട് 1,01,020/-<br>-------------<br>ആകെ-14,28,145/- | വാങ്ങൽ നടത്താതെ പാടശേഖരസമിതി വഴി 23,539 കിലോ ഗ്രാം കുമ്മായം വാങ്ങി ഗുണഭോക്താ ക്കൾക്ക് നൽകി. കുമ്മായം വാങ്ങിയ ഇനത്തിൽ 264837/- രൂപ പാടശേഖര കമ്മറ്റിക്ക് നൽകി.<br>(കടമേരി,ആയഞ്ചേരി, തറോപ്പൊയിൽ എന്നീ പാടശേഖര സമിതി കൾക്ക് യഥാക്രമം 1,12,500/-രൂപ, 77,344/ -രൂപ,74993/-രൂപ എന്നിങ്ങനെ നൽകി) |

ടെണ്ടർ/ക്വട്ടേഷൻ നടപടിയിലൂടെ വാങ്ങൽ നടത്താതെ പാടശേഖര സമിതി മുഖാന്തിരം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി കുമ്മായം വാങ്ങിയ വകയിൽ ചെലവഴിച്ച

264837/-രൂപ തടസ്സത്തിൽവെക്കുന്നു.

## 3-6 മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കാതെ ഗുണഭോക്താക്കൾക്ക് ഭവനപരിഷ്കരണത്തിന് സബ്സിഡി തുക നൽകി ചെലവ്തുക 1,50,000/-രൂപ തടസ്സത്തിൽ വെക്കുന്നു.

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് 'ഭവനപരിഷ്കരണം (എസ്.സി)'. പട്ടികജാതിക്കാരുടെ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കി തീർക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. എന്നാൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സബ്സിഡി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ പാലിച്ചതായി കാണുന്നില്ല. സ.ഉ. (എം.എസ്) നമ്പർ 80/2017 തസ്വഭവ, തീ.3.4.2017 അനുസരിച്ചുള്ള സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 8.6 ലെ മാനദണ്ഡങ്ങൾ അനുസരിക്കാതെയാണ് സബ്സിഡി ആനുകൂല്യം ഗുണഭോക്താക്കൾക്ക് നൽകിക്കാണുന്നത്. പദ്ധതി നടത്തിപ്പിന്റെയും തുക ചെലവഴിച്ചതിന്റെയും അപാകതകളുടെയും വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമ നം | പദ്ധതികളുടെ പേര്/നം | അടങ്കൽ | ചെലവ് തുക/ബിൽ നം. | ഗുണഭോക്താക്കളുടെ പേര്, കൈപ്പറ്റിയ തുക | അപാകതകൾ |
|---|---|---|---|---|---|
| 1 | ഭവനപരിഷ്കരണം (എസ്.സി) 12/18 | 1,65,000/- (വികസന ഫണ്ട്.എസ്.സി.പി- 1,51,370/-) (തനത് ഫണ്ട് 1,36,30/-) | 1,50,000/- (വികസന ഫണ്ട്.എസ്.സി.പി) 1/2017-18 തീ.30.6.2017 3/2017-18 തീ.27.10.2017 | 1)കുമാരൻ–ടി 50,000/- 2)സത്യൻ കുളങ്ങരത്ത് 50,000/- 3)ചീരു കുളങ്ങരത്ത് 5000/- | 1)വീട് വാസയോ ഗ്യമാക്കുന്നതിന് ഉടമസ്ഥൻ എസ്റ്റിമേറ്റ് തയ്യാ റാക്കിയിട്ടില്ല. 2)സബ്സിഡി നിരക്ക് നിശ്ചയിക്കു ന്നതിന്എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധനാറിപ്പോ ർട്ട് തയ്യാറാക്കിയിട്ടില്ല. 3)എൽ.എസ്.ജി.ഡിഎഞ്ചി നിയറുടെ മൂല്യനിർണ്ണയ റിപ്പോർട്ട് ലഭ്യമല്ല. |

സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കാതെ ഗുണഭോക്താക്കൾക്ക് സബ്സിഡി തുക നൽകിയതിനാൽ ചെലവ് തുക 1,50,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-7 കൃത്യത ഉറപ്പുവരുത്താതെ വെള്ളക്കരം , തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ് എന്നിവ അടവാക്കുന്നു

ഗ്രാമപഞ്ചായത്തിൽ 95 വാട്ടർ ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 41563 രൂപ നിരക്കിൽ ആകെ 498756 രൂപയും തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ 246038 രൂപയും സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. വാട്ടർ ടാപ്പുകളുടെ വിശദ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ, തെരുവു വിളക്കുകളുടെ ഇനം തിരിച്ചുള്ള രജിസ്റ്റർ എന്നിവ സ്ഥാപനത്തിൽ ലഭ്യമല്ല. ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ അടവാക്കാൻ ആവശ്യപ്പെടുന്ന തുകയുടെ കൃത്യത പരിശോധിക്കാൻ നിലവിൽ സംവിധാനമില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 12.6.17 ലെ1/6/17(1) നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജിനത്തിലും, വെള്ളക്കരമിനത്തിലും അടവാക്കുന്ന തുക കൂടുതലാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളിലെ ജീവനക്കാരെ ഉൾപ്പെടുത്തി സംയുക്ത പരിശോധന നടത്തുന്നതിന് കത്ത് നൽകയിട്ടും മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ഇത് സംബന്ധിച്ച് നേരിൽ സംസാരിക്കുന്നതിന് വൈസ് പ്രസിഡണ്ട് ഉൾപ്പെടെയുള്ള സ്റ്റാന്റിംഗ് കമ്മറ്റി അംഗങ്ങൾ ബന്ധപ്പെട്ട ഓഫീസുകൾ സന്ദർശിക്കാൻ തീരുമാനിച്ചിരുന്നെങ്കിലും തുടർനടപടി സ്വീകരിച്ച വിവരം വാട്ടർ അതോറിറ്റി K.S.E.B എന്നിവിടങ്ങളിലെ അധികൃതരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ വിവരം എന്നിവ ലഭ്യമല്ല. വെള്ളക്കരമിനത്തിലും, വൈദ്യുതി ചാർജ് ഇനത്തിലും അടവാക്കുന്ന തുകയുടെ കൃത്യത ഉറപ്പുവരുത്താൻ പഞ്ചായത്തിന് നാളിതുവരെ കഴിഞ്ഞിട്ടില്ല. മേൽ കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമല്ല.ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ തീരുമാനത്തിന്റഅടിസ്ഥാനത്തിൽ മേൽ വിഷയത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതും, വാട്ടർ അതോറിറ്റി, K.S.E.B.എന്നിവയുമായിചേർന്ന് സംയുക്ത പരിശോധന നടത്തി വെള്ളക്കരം, തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ് ഇനങ്ങളിൽ അടവാക്കുന്ന തുകയുടെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

## 3-8 ഓഫീസ് വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച്

പഞ്ചായത്ത് ഓഫീസ് വാഹനമായ K.L.18 P-8984 ബൊലേറോ ജീപ്പിന്റെ ലോഗ് ബുക്ക്, അനുബന്ധ രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ വാഹനത്തിന്റെ പരിപാലനത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) ലോഗ് ബുക്കിൽ ഓരോ മാസാവസാനവും തൻമാസം ഓടിയ ദൂരം , ഉപയോഗിച്ച ഇന്ധനം എന്നിവയുടെ മാസാന്ത്യ സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

2) ജി.ഒ.എം.എസ്.170/17 ത സ്വ.ഭ.വ 30.6.17 പ്രകാരം ആറ് മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഇന്ധന ക്ഷമത പരിശോധിക്കേണ്ടതാണെങ്കിലും 24/7/15 ശേഷം പ്രസ്തുത പരിശോധന നടത്തിയതിന്റെ സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിച്ചതായി കാണുന്നില്ല.

3) യാത്രചെയ്യു ഉദ്യോഗസ്ഥന്റെ ഒപ്പ് പലപ്പോഴും ലോഗ് ബുക്കിൽ പതിക്കുന്നില്ല.

4) ലോഗ് ബുക്ക് കൺട്രോളിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല.

5) വാഹനത്തിൽ ഇന്ധനം നിറക്കുമ്പോൾ ഫുൾ കപ്പാസിറ്റിയിൽ ഇന്ധനം നിറക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്യുന്നില്ല.

6) വാഹനത്തിന്റെ ഇൻഷ്വറൻസ് അടവാക്കുന്നതിനായി 21/12/17 ൽ 19024രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ഇൻഷ്വറൻസ് പോളിസി പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി വാഹനത്തിന്റെ ഇന്ധനം നിറക്കൽ സംബന്ധിച്ച കാര്യം പരിഗണനക്ക്

വരാറുണ്ടെങ്കിലും മറ്റ് കാര്യങ്ങളൊന്നും ചർച്ച ചെയ്തതായി കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-9 ആസൂത്രണ നടപടിക്രമങ്ങൾ പാലിക്കാതെ പ്രോജക്ടുകൾക്ക് അംഗീകാരം ലഭ്യമാവുന്നു

ഗ്രാമപഞ്ചായത്തിലെ പ്രോജക്ട് രൂപീകരണ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ കരട് പദ്ധതി രേഖ, അന്തിമ പദ്ധതി രേഖ എന്നിവയിൽ ഉൾപ്പെടാത്ത പ്രോജക്ടുകൾക്ക് അംഗീകാരം ലഭ്യമായതായി കാണുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ടു നമ്പർ/പേര് | വകയിരുത്തിയ തുക |
|---|---|
| 259/18-കുറ്റിക്കാട്ടിൽ നാല് സെന്റ് കോളനി റോഡ് ടാറിംഗ്. | 250000 |
| 261/18- നപ്പറ്റ മുക്ക് ചാത്തോത്ത് മുക്ക് റോഡ് ടാറിംഗ് | 100000 |
| 263/18-കച്ചേരി പറമ്പത്ത് ആയോത്ത്മുക്ക് റോഡ് ടാറിംഗ് | 150000 |
| 265/18-കച്ചേരി പറമ്പ് ആയനോളി താഴ റോഡ് ടാറിംഗ് | 100000 |
| 266/18- കളത്തിൽ മുക്ക് മുച്ചിലോട്ട് താഴ റോഡ് ടാറിഗ് | 182700 |
| കുനോം താഴ കടമേരിപള്ളി റോഡ് ടാറിംഗ് | 200000 |

കരട് പദ്ധതി രേഖ ,അന്തിമ പദ്ധതി രേഖ എന്നിവയിൽ ഉൾപ്പെടാത്ത മേൽ പ്രോജക്ടുകൾക്ക് അംഗീകാരം ലഭ്യമായതിന്റെ കാരണം വിശദമാക്കിയിട്ടില്ല. ആസൂത്രണ ഘട്ടങ്ങൾ പിന്നിടാതെ പ്രൊജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കിയതന്റെ വിശദാംശം അറിയിക്കേണ്ടതാണ്.

## 3-10 ടെണ്ടർ കുറവ് പരിഗണിക്കാതെ കരാറുകാരന് ഫൈനൽ ബിൽ അനുവദിച്ചു.

പ്രൊജക്ട് നമ്പർ – 201/17

പ്രൊജക്ടിന്റെ പേര് – കിഴക്കയിൽ മുക്ക് -കുളങ്ങരത്ത് ലക്ഷം വീട് കോളനി റോഡ് പരിഷ്കരണം

വകയിരുത്തിയ തുക - 300000

ചെലവുതുക - 298360(ബിൽ നമ്പർ 49/17-18തി 31.3.18)

എം ബുക്ക് - 141/17-18

അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 2016-17 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രവർത്തി കരാറുകാരനായ എം.പി തൗഫൽ എസ്റ്റിമേറ്റനിരക്കിൽ നിന്നും7% കുറവിൽ ഏറ്റെടുത്ത് 2017-18 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ഫൈനൽ ബിൽ കരാറുകാരന് അനുവദിച്ചപ്പോൾ ടെണ്ടർ കുറവ് പരിഗണിക്കാതെയാണ് ബിൽ തുക അനുവദിച്ചിരിക്കുന്നത്.കരാറുകാരന്

അർഹമായ തുകയുടെ വിശദ വിവരം താഴെക്കൊടുക്കുന്നു

ആകെ പ്രവൃത്തി മൂല്യം :298360

ടെണ്ടർ കുറവ് 7% :(-) 20885

കരാറുകാരന് അനുവദിക്കാവുന്ന തുക : 277475

കരാറുകാരന് അനുവദിച്ച തുക : 298360

അധികം നൽകിയ തുക : 298360 - 277475 =20885

ടെണ്ടർ കുറവ് പരിഗണിക്കാതെ കരാറുകാരന് ഫൈനൽ ബിൽ അനുവദിക്കാനുണ്ടായ കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫൈനൽ ബിൽ തയ്യാറാക്കുമ്പോൾ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഉണ്ടായ വീഴ്ചയാണ് കരാറുകാരന് അധിക തുക

നൽകാൻ ഇടയായത്. അധികം നൽകിയ 20855 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-11 ചൂരു കുളങ്ങരത്താഴ - ആയഞ്ചേരി തെരു റോഡ് പ്രവർത്തി, കിളച്ചെടുത്ത മണ്ണ് ഫില്ലിംഗിനായി വിനിയോഗിച്ചില്ല.

പ്രൊജക്ട് നമ്പർ- 39/18

വകയിരുത്തിയ തുക-300000(തനത് ഫണ്ട്)

ചെലവുതുക-294573 (31564751115 തി31.3.18)

കരാറുകാരൻ -എം.പി.തുഫൈൽ

എം ബുക്ക്- 17/17-18

ചൂരുക്കുളങ്ങരത്താഴ ആയഞ്ചേരി തെരു റോഡിൽ 51 മീറ്റർ നീളത്തിൽ രണ്ട് സൈഡും കരിങ്കല്ലുകൊണ്ട് കെട്ടി കോൺക്രീറ്റ് ബെൽട്ട് ഇട്ടതിന് ശേഷം 2 മീറ്റർ വീതിയിൽ മണ്ണ് ഫില്ലിംഗും അനുബന്ധ പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുത്ത് പൂർത്തീകരിച്ച് കരാറുകാരൻ ഫൈനൽ ബിൽ കൈപ്പറ്റിയിട്ടുണ്ട്. മേൽ പ്രവർത്തിയുടെ എം ബുക്ക്, ഫയൽ എന്നിവ പരിശോധിച്ചതിൽ ഇനം 1 ആയി 21.08 എം ക്യൂബ് മണ്ണ് കിളച്ചുമാറ്റുന്നതിനായി എം ക്യൂബിന് 217.51 രൂപ പ്രകാരം ആകെ 4585.11 രൂപ അനുവദിച്ചിട്ടുണ്ട്.(എം.ബുക്ക് പേജ്6)പ്രവൃത്തിയുടെ 5-ാം ഇനമായി റോഡിൽ 127.33 എം. ക്യൂബ് മ്ണ്ണ് ഫില്ലിംഗിനായി എം ക്യൂബിന് 437.64 പ്രകാരം 55724 രൂപയും വിനിയോഗിച്ചിട്ടുണ്ട് (എം ബുക്ക് പേജ് 4&19) . മണ്ണ് ഫില്ലിംഗ് നടത്തിയപ്പോൾ ഇനം 1 ആയി കിളച്ചെടുത്ത 21.08 എം ക്യൂബ് മണ്ണ്ഫില്ലിംഗിനായി വിനിയോഗിക്കുകയോ, മണ്ണ് ഫില്ലിംഗിന് അനുയോജ്യമല്ലെന്ന് എഞ്ചിനീയർ എം ബുക്കിൽ സാക്ഷ്യപ്പെടുത്തുകയോ ചെയ്യിട്ടില്ല. കിളച്ചെടുത്ത21.08 എം.ക്യൂബ് മണ്ണ് ഫില്ലിംഗിനായി വിനിയോഗിക്കാത്തതിനാൽ 21.08x437.64 =9225 രൂപ കരാറുകാരന് അധികം നൽകാൻ ഇടയായിട്ടുണ്ട്. ആയതിന് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവർത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കുമ്പോൾ എഞ്ചിനീയറിംഗ് വിഭാഗത്തിൽ സംഭവിച്ച വീഴ്ചയാണ് അപാകതകൾക്ക് കാരണം. കരാറുകാരന് അധികം നൽകിയ 9225 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്,

## 3-12 മരാമത്ത് പ്രവർത്തികൾ പൂർത്തീകരിക്കപ്പെടുന്നില്ല. ഒരു കോടിയിൽപ്പരം രൂപ പാഴായി.

സാമ്പത്തിക വർഷം അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ആകെ 179 മരാമത്ത് പ്രവർത്തികളാണ് നടപ്പിലാക്കാനുണ്ടായിരുന്നത്.(106 സ്പിൽ ഓവർ,73 പുതിയ പ്രൊജക്ടുകൾ). ആയതിന് മൊത്തം 35063993 രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ കേവലം 81 പ്രവൃത്തികളാണ് ഓഡിറ്റ് വർഷം പൂർത്തിയാക്കിയിട്ടുള്ളത്. (73 സ്പിൽ ഓവർ, 8 പുതിയത്). മേൽ പ്രവർത്തികൾക്കായുള്ള ചെലവ് ആകെ 13088904 രൂപയാണ് . മരാമത്ത് പ്രവർത്തികൾക്ക് ആകെ വകയിരുത്തിയ തുകയുടെ 37.3% മാത്രമാണ് സാമ്പത്തിക വർഷത്തിൽ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്. വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ലോക ബാങ്ക് സഹായം, മെയിന്റനൻസ് ഗ്രാന്റ് ഇനങ്ങളിൽ 20979158 രൂപ വകയിരുത്തിയതിൽ 9002525 രൂപ മാത്രമാണ് തൻവർഷത്തിൽ വിനിയോഗിക്കാൻ കഴിഞ്ഞത്. മേൽ ഗ്രാന്റ് ഇനങ്ങളിൽ ചെലവു കുറഞ്ഞതിനാൽ 11976633 രൂപ ചെലവഴിക്കാതെ സർക്കാരിലേക്ക് തിരികെ പോകാനിടയായിട്ടുണ്ട്. സ്പിൽ ഓവർ പ്രവൃത്തികളിൽ 73 എണ്ണം മാത്രമാണ് സാമ്പത്തിക വർഷം പൂർത്തീകരിക്കപ്പെട്ടിരിക്കുന്നത്. 33 സ്പിൽ ഓവർ പ്രവർത്തികൾക്ക് സാമ്പത്തിക വർഷത്തിൽ തുക ചെലവഴിക്കാനാകാത്തതിനാൽ ജി.ഒ.എം.എസ് 73/17 തി 29.3.17 ഖണ്ഡിക 6.8 പ്രകാരം തുടർ വർഷത്തിൽ ആയത് സ്പിൽ ഓവർ പ്രവൃത്തികൾക്കായി ഉൾപ്പെടുത്താൻ കഴിയാത്ത അവസ്ഥയാണുള്ളത്. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തതിന്റെ സാഹചര്യം ഓഡിറ്റിൽ വിശദീകരിക്കപ്പെട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് (കൺവീനർ ഒഴികെ)തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റാത്തതും മേൽനോട്ട ചുമതലയുള്ള പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റി ആയതിൽ വീഴ്ച വരുത്തിയതും പ്രൊജക്ട് നിർവഹണത്തെ ബാധിച്ചതായി വിലയിരുത്തുന്നു. പ്രോജക്ടുകളുടെ ബാഹുല്യം മരാമത്ത് പ്രവർത്തികളുടെ നിർവഹണത്തിന് തടസ്സമായിട്ടുണ്ട്. 179 പ്രൊജക്ടുകളുടെ നടത്തിപ്പിന് പഞ്ചായത്തിൽ നിലവിലുള്ള എഞ്ചിനീയറിംഗ് സംവിധാനം പര്യാപ്തമല്ല. ചെറിയ എസ്റ്റിമേറ്റിൽ കൂടുതൽ പ്രൊജക്ടുകൾക്ക് പകരം പ്രൊജക്ടുകളുടെ എണ്ണം കുറക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-13 വൃദ്ധർക്ക് കട്ടിൽ- പ്രൊജക്ട് നടത്തിപ്പിൽ അപാകത

പ്രൊജക്ട് നമ്പർ – 208/18

വകയിരുത്തിയ തുക – 37840

ചെലവു തുക – 376659(ബിൽ നമ്പർ25/30.3.18)

നിർവഹണം – I.C.D.S. സൂപ്പർ വൈസർ

I.C.D.S. സൂപ്പർ വൈസർ നിർവഹണ ഉദ്യോഗസ്ഥനായ മേൽ പ്രൊജക്ട് പ്രകാരം 87 വൃദ്ധർക്ക് 4330 രൂപ വിലയുള്ള കട്ടിലുകൾ വിതരണം ചെയ്യുന്നതിനായി 376659 രൂപ ചെലവഴിച്ചിട്ടുണ്ട്. P.V. എഞ്ചിനീയറിംഗ് വർക്ക് , മണവയൽ, കൈതപ്പൊയിൽ എന്ന സ്ഥാപനത്തിൽ നിന്നാണ് ടെണ്ടർ നടപടികളിലൂടെ കട്ടിലുകൾ വാങ്ങിയിരിക്കുന്നത്. ചെലവുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെക്കൊടുക്കുന്നു.

1. ഗുണഭോക്തൃ ലിസ്റ്റിൽപെട്ട 87 വൃദ്ധർക്ക് കട്ടിലുകൽ വിതരണം ചെയ്തതായി നിർവഹണ ഉദ്യോഗസ്ഥ വിശദീകരിച്ചുവെങ്കിലും ഗുണഭോക്താക്കൾ കട്ടിലുകൾ കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
2. സ.ഉ.എം.എസ്.80/17 ത.സ്വ.ഭ.വ. തിയ്യതി3.4.2017 ഖണ്ഡിക 12.7 പ്രകാരം പൊതുവിഭാഗം

ബി.പി.എൽ ലിസ്റ്റിൽപെട്ടവരും, പട്ടികജാതി പട്ടിക വർഗത്തിൽ പെട്ടവരുമായ 60 വയസ് കഴിഞ്ഞവർക്ക് കട്ടിലുകൾ വാങ്ങി നൽകാവുന്നതാണെങ്കിലും ഗുണഭോക്താക്കൾ ബി.പി.എൽ ലിസ്റ്റിൽപെട്ടവരാണെന്ന് തെളിയിക്കുന്ന രേഖകളൊന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3. ടെണ്ടർ നടപടികൾ സ്വീകരിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത പി.വി.എഞ്ചിനീയറിംഗ് വർക്ക് കൈതപ്പൊയിൽ എന്ന സ്ഥാപനം ആഞ്ഞിലി മരം കൊണ്ട് നിർമ്മിച്ച കട്ടിലുകൾ വിതരണം ചെയ്യുമെന്നാണ് ടെണ്ടർ ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സ്ഥാപനത്തിന്റെ കാഷ് ബിൽ പ്രകാരം പ്ലൈവുഡ് ടോപ്പോടുകൂടിയ HIV cot 198x90 cmകട്ടിലാണ് വിതരണം ചെയ്തിരിക്കുന്നത്. ടെണ്ടറിൽ ക്വാട്ട്ചെയ്ത കട്ടിലുകൾ തന്നെ ലഭിച്ചുഎന്ന് നിർവഹണ ഉദ്യോഗസ്ഥ ഉറപ്പുവരുത്തിയിട്ടില്ല.

4. I.C.D.S. സൂപ്പർ വൈസർ മുഖേനയുള്ള വാങ്ങലുകൾ പഞ്ചായത്ത് തല പർച്ചേസിംഗ് കമ്മറ്റി അംഗീകരിച്ചതായി കാണുന്നില്ല.

അപാകതകൾക്ക് കാരണം വിശദമാക്കാനാവശ്യപെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ടിന്റെ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട സാമൂഹിക നീതി വർക്കിംഗ് ഗ്രൂപ്പ് , മേൽനോട്ട ചുമതലയുള്ള ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എന്നിവ പ്രൊജക്ടിന്റെ മേൽനോട്ടം വഹിക്കുന്നതിൽ വന്ന വീഴ്ചയും നിർവഹണ ഉദ്യോഗസ്ഥ പ്രൊജക്ട് നിർവഹണം ഗൗരവത്തിൽ കൈകാര്യം ചെയ്യാത്തതുമാണ് പ്രൊജക്ട് നടത്തിപ്പിലുണ്ടായ അപാകതകൾക്ക് കാരണം. മേൽ അപാകതകളുടെ വെളിച്ചത്തിൽ ചെലവു തുക 376659 രൂപ തടസ്സത്തിൽ വെക്കുന്നു. പ്രൊക്യർ കമ്മിറ്റി ടി വിഷയം വിശദമായി പരിശോധിക്കേണ്ടതും, സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് കമ്മിറ്റികളുടെ അഭിപ്രായക്കുറിപ്പ് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-14 ആശ്രയ ഭവന പുനരുദ്ധാരണത്തിന് കൈമാറിയ തുക ചെലവഴിക്കാതെ C.D.S. എകൗണ്ടിൽ സൂക്ഷിക്കുന്നു.

കുടുംബ ശ്രീ ചെലവുരേഖകൾ പരിശോധിച്ചതിൽ 2016-17 സാമ്പത്തിക വർഷത്തിൽ ആറ് ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിനായി I.C.D.S.സൂപ്പർ വൈസർ മുഖേന പ്ലാൻ ഫണ്ടിൽനിന്നും 300000 രൂപ കുടുംബശ്രീക്ക് കൈമാറിയിട്ടുണ്ട്.(പ്രെജക്ട് നമ്പർ 145/16-17) മേൽ തുക 21.4.17 ന് C.D.S.ന് S.M.G.B.യിലുള്ള തനത് ഫണ്ട് അക്കൗണ്ടിലും 30.5.17ന് ആശ്രയ പ്രൊജക്ടിനായുള്ള K.D.C. ബാങ്ക് അക്കൗണ്ടിലേക്കും കൈമാറിയിട്ടുള്ളതാണ്. ഇതിൽ നിന്നും 70000 രൂപ താഴെപ്പറയും പ്രകാരം രണ്ട് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

1) ജാനു മനത്താനത്ത് - 50000

2) രാജൻ എടോളി താഴകുനി -20000

അവശേഷിക്കുന്ന 230000 രൂപ നാളിതുവരെ ചെലവഴിക്കാതെ കുടുംബ ശ്രീ ആശ്രയ അക്കൗണ്ടിൽ അവശേഷിച്ചിരിക്കയാണ്. ആശ്രയ പദ്ധതി 2-ാം ഘട്ടം, ആശ്രയ തുടർ സേവന പദ്ധതി എന്നിവ പ്രകാരം 11 കുടുംബങ്ങൾക്ക് ഭവന പുനരുദ്ധാരണം ആവശ്യമുള്ളതായി കാണുന്നു. ആവശ്യത്തിന് ഗുണഭോക്താക്കൾ ഉണ്ടായിരുന്നിട്ടും ഗ്രാമപഞ്ചായത്തിലെ നിരാലംബരും, നിരാശ്രയരുമായ ആശ്രയ ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യങ്ങൾ വിതരണം ചെയ്യാതെ വികസന ഫണ്ട് ആശ്രയ അക്കൗണ്ടിൽ സൂക്ഷിച്ചതിന് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.പദ്ധതി വിഹിതം കുടുംബശ്രീക്ക് കൈമാറി ഒന്നരവർഷം കഴിഞ്ഞിട്ടും ആയത് വിതരണം ചെയ്യാതെ അവശേഷിക്കുന്നത് നാളിതുവരെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെട്ടതായും കാണുന്നില്ല. പ്രൊജക്ട് മോണിട്ടർ ചെയ്യേണ്ട ദാരിദ്ര്യ ലഘൂകരണം വർക്കിംഗ് ഗ്രൂപ്പ് തങ്ങളുടെ ഉത്തരവാദിത്വം വേണ്ട വിധത്തിൽ നിറവേറ്റാത്തതും തുക ചെലവഴിക്കാതിരിക്കാൻ

കാരണമായിട്ടുണ്ട്. ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

## 3-15 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ധനസഹായം - ജില്ലാ പഞ്ചായത്ത് വിഹിതം പൂർണമായും വിനിയോഗിച്ചില്ല

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്ന പ്രൊജക്റ്റിന് (പ്രൊജക്റ്റ് നമ്പർ 17/17-18) ജില്ലാപഞ്ചായത്ത് വിഹിത മിനത്തിൽ സാമ്പത്തിക വർഷം 250000 രൂപ ഗ്രാമപഞ്ചായത്തിൽ വരവുവന്നിട്ടുണ്ട്. ആയത് പഞ്ചായത്തിന്റെ/ സംയുക്ത പ്രൊജക്ടുകൾക്കായുള്ള ട്രഷറി അക്കൗണ്ട് നമ്പർ 1346 ൽ 31.3.18 ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ജില്ലാപഞ്ചായത്ത് വിഹിത മിനത്തിൽ അനുവദിച്ച തുകയിൽ 40000 രൂപ മാത്രമേ സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുള്ളൂ. അവശേഷിക്കുന്ന തുക വിനിയോഗിക്കുന്നതിനായി 2018-19 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പ്രൊജക്റ്റ് തയ്യാറാക്കിയിട്ടില്ല. തുക തുടർവർഷത്തിലും ചെലവഴിക്കാതെ ഗ്രാമപഞ്ചായത്തിൽ തന്നെ സൂക്ഷിച്ചിരിക്കയാണ്. ചെലവഴിക്കാതെ അവശേഷിക്കുന്ന 210000 രൂപ ജില്ലാപഞ്ചായത്തിൽ തിരിച്ചടവാക്കാത്തതിന് കാരണം വിശദമാക്കിയിട്ടില്ല. പ്രൊജക്റ്റ് മോണിട്ടർ ചെയ്യേണ്ട സാമൂഹിക നീതി വർക്കിംഗ് ഗ്രൂപ്പ് (കൺവീനർ ഒഴികെ) മേൽനോട്ട ചുമതലയുള്ള ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റുന്നതിൽ വന്ന വീഴ്ചയും നിർവഹണ ഉദ്യോഗസ്ഥ പ്രൊജക്റ്റ് നിർവഹണത്തിൽ കാണിച്ച അലംഭാവവുമാണ് ലഭ്യമായ ജില്ലാപഞ്ചായത്ത് വിഹിതം പൂർണമായും ചെലവഴിക്കപ്പെടാതെ പോകാൻ ഇടയാക്കിയത്. ചെലവഴിക്കാതെഅവശേഷിക്കുന്ന ജില്ലാപഞ്ചായത്ത് വിഹിതം തിരിച്ചടവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2017-18 വർഷത്തിൽ ആകെ3377 കുടുംബങ്ങളിലായി 4847 പേർ തൊഴിൽ കാർഡ് എടുത്തതിൽ 1285 പേർ തൊഴിലിനായി അപേക്ഷിക്കുകയും എല്ലാവർക്കും തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 91 പ്രവൃത്തികളിലായി സാമ്പത്തിക വർഷത്തിൽ ആകെ 51553 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും തൊഴിലാളികളുടെ കൂലി ഇനത്തിൽ 13086994 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സാമ്പത്തികവർഷത്തിൽ കേവലം 13 കുടുംബങ്ങൾക്ക് മാത്രമെ 100 തൊഴിൽ ദിനങ്ങൾ ലഭ്യമായിട്ടുള്ളൂ. എം.എൻ.ആർ.ഇ.ജി.എസ്. ജീവനക്കാരുടെ ശമ്പളം, യാത്രാചെലവ്, മറ്റ് ചെലവുകൾ ഇനത്തിൽ 235341 രൂപയും ചെലവഴിക്കപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും ലഭ്യമായ കണക്കുപ്രകാരം സാമ്പത്തിക വർഷത്തെ മൊത്തം ചെലവ് 13322135 രൂപയാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് | 2017-18 | 300000 | ക്ഷീര കർഷകർക്ക് പാലിന് | 300000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | ഇൻസെന്റീവ് | | |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 175200 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 175200 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 425000 | നെൽകൃഷിക്ക് വിത്ത്,വളം,കുമ്മായം,കൂലി | 425000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 40000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 40000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 210000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 0 | 210000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | | | 205526 | 205526 | | 0 |

•

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 11202 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1999-2000 | 37 | 11202 | ശ്രീ മുകുന്ദൻ | 117150900001/22.07.17 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 2014-15 (പ്ര.ക്ഷ.റി) | 5.7.1.74 | മൃഗസംരക്ഷണം നീക്കിവെക്കുന്ന തുകകൾ പരിമിതം | തടസ്സം തുടരുന്നു. |
| | | 2014-15 (പ്ര.ക്ഷ.റി) | 5.7.3.78 | മൃഗ സംരക്ഷണ പദ്ധതികൾ നാമമാത്രം | തടസ്സം തുടരുന്നു. |
| | | 2014-15 (പ്ര.ക്ഷ.റി) | 5.7.9.94 | മൃഗാശുപത്രികളിൽ മരുന്ന് അപര്യാപതം | തടസ്സം തുടരുന്നു. |
| | | 2014-15 (പ്ര.ക്ഷ.റി) | 5.7.12.100 | കർഷകർക്ക് പരിശീലനം നൽകിയില്ല. | തടസ്സം തുടരുന്നു. |
| | | | 5.7.12.100 | ഗോ രക്ഷാ ക്യാമ്പുകൾ നടത്തിയിട്ടില്ല. | തടസ്സം തുടരുന്നു. |
| | | 2014-15 (പ്ര.ക്ഷ.റി) | 5.7.12.101 | സംസ്ഥാന വിഹിതം ലഭ്യമാക്കുന്നതിലെ കാലതാമസം | തടസ്സം തുടരുന്നു. |
| | | 2014-15 | 5.7.12.105 | കാലിത്തീറ്റയുടെ | തടസ്സം |

| | | | | | |
|---|---|---|---|---|---|
| | | (പ്ര.ക്ഷ.റി) | | ഗുണ നിലവാരം പരിശോധിക്കുന്നില്ല. | തുടരുന്നു. |
| 2015-16 | 2-6 | 2016-17 | അനുബന്ധം-5.210 | തൊഴിൽ നികുതി അപാകതകൾ | തടസ്സം തുടരുന്നു. |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 68648406 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 85225010 |
| വരവിനങ്ങളിലുള്ള നഷ്ടം | 17517 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 43080 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2158949 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-2 | 17517 | | ശ്രീ.വി.പി.മോഹൻരാജ്, സെക്രട്ടറി |
| 3-2 | | 13000 | ശ്രീ.അതുൽ വി കൃഷി ഓഫീസർ |
| 3-10 | | 20855 | ശ്രീമതി ഉഷ സി അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11 | | 9225 | ശ്രീമതി ഉഷ സി അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 512000 | ശ്രീ.അതുൽ വി<br>കൃഷി ഓഫീസർ |
| 3-3(1) | 55453 | ശ്രീ മോഹൻരാജ് വി.പി<br>സെക്രട്ടറി |
| 3-3(2) | 800000 | ശ്രീ പവിത്രസാഗർ<br>ഹെഡ് മാസ്റ്റർ |
| 3-5 | 264837 | ശ്രീ.അതുൽ വി<br>കൃഷി ഓഫീസർ |
| 3-6 | 150000 | ശ്രീ സുജിത്ത് ടി.വി<br>അസി.സെക്രട്ടറി |
| 3-13 | 376659 | അനശ്രീ പി<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അതുൽ വി<br>കൃഷി ഓഫീസർ | മണ്ണ് സംരക്ഷണ കേന്ദ്രം തളിപ്പറമ്പ് | ചാത്തിയാട്ട്(വീട്)<br>മയ്യന്നൂർ പി.ഒ<br>വടകര |
| ശ്രീമതി ഉഷ സി<br>അസിസ്റ്റന്റ് എഞ്ചിനീയർ | | പ്രകൃതി.<br>തോപ്പം മുക്ക്.<br>പാപ്പനംകോട് പി.ഒ 695018-പിൻ |
| ശ്രീ.വി.പി.മോഹൻരാജ്, സെക്രട്ടറി | സെക്രട്ടറി, ആയഞ്ചേരി ഗ്രാമപഞ്ചായത്ത് | മാത്തിൽ മീത്തൽ, ആയഞ്ചേരി, 673541 |
| ശ്രീ.പവിത്രസാഗർ, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, ഗവ.യു.പി.സ്കൂൾ, | നന്ദനം, മയ്യന്നൂർ.പി.ഒ. |

| | | |
|---|---|---|
| | പൊൻമേരിപ്പറമ്പിൽ | |
| ശ്രീ.സുജിത്ത്.ടി.വി<br>അസി.സെക്രട്ടറി | അസി.സെക്രട്ടറി,<br>ആയഞ്ചേരി ഗ്രാമപഞ്ചായത്ത് | തെക്കെ മിലാരത്ത്,<br>പുറമേരി 673503 |
| ശ്രീമതി.അനശ്രീ.പി,<br>ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ, തോടന്നൂർ | എടക്കണ്ടിപ്പാറ,<br>കൊളത്തൂർ,<br>ചീക്കിലോട്.പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നുംപുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1992-93&<br>1993-94 | എൽ.എഫ്.കെ.കെ.ഡി.പി5/<br>1893/13/30.01.2014 | 2 | 15,17 |
| 1994-95 | എൽ.എഫ്.കെ.കെ.ഡി.പി5<br>/1893/13/30.01.2014 | 2 | 16,17 |
| 1995-96 | എൽ.എഫ്.കെ.കെ.ഡി.പി5/<br>1893/13/ 30.01.2014 | 4 | 11,12.3,14,15 |
| 1996-97 | എൽ.എഫ്.കെ.കെ.ഡി.പി5/<br>1893/13/30.01.2014 | 1 | 26 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി.പി9<br>/791(2)/01.08.2011 | 7 | |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി5<br>/1893/13/30.01.2014 | 3 | 35,37,39 |
| 1999-2000 | എൽ.എഫ്.കെ.കെ.ഡി.പി5<br>/1893/13/30.01.2014 | 7 | 21,31D,35,<br>36,<br>37,38,<br>39 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി5<br>/1893/13/30.01.2014 | 2 | 3-1,3-4 |

| | | | |
|---|---|---|---|
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി5/ 1893/13/30.01.2014 | 3 | 2-3,3-3,<br>3-5 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി5/ 1893/13/30.01.2014 | 7 | 2-1(3,4),<br>2-2,3-1,<br>3-2,<br>3-3,3-4 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി5/ 1893/13 /30.01.2014 | 9 | 3-1,3-2,3-4,<br>3-5,3-6,<br>3-7,3-8(2,3) |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി5 /1893/13/30.01.2014 | 9 | 2-5,3-3,3-4,<br>3-5,3-6,<br>3-7,3-9,3-10 |
| 2008-09.&2009-10 | എൽ.എഫ്.കെ.കെ.ഡി.പി5 /1018/12 /16.07.2012 | 16 | 3-2(1-4),3-2,<br>3-3,3-4,3-5,<br>3-6,3-7,3-8,<br>3-9,3-10,<br>3-11,<br>3-12,3-13, |
| 2010-11,11-12 | എൽ.എഫ്.കെ.കെ.ഡി.പി5/ 1893/13 /30.01.2014 | 9 | 2-2,3-2,3-5(1),3-7,<br>3-12,3-13,3-15,3-16,<br>3-17,3-19,3-20, |
| 2012-13,13-14 | കെ.എസ്.എ.കെ.കെ.ഡി. പി5/877(1)/15/13.01.2016 | 31 | 2-1,2-2,2-3,3-1,<br>3-3 മുതൽ 3-15 വരെ,<br>3-17,3-18 മുതൽ<br>3-29 വരെ,3-31 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി .പി5/1128/16/06.05.17 | 6 | 2-2,3-1,3-3,3-4,3-5,3-6 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി .പി5/50/17/03.01.18 | 27 | 2-1,2-2,2-3,<br>2-4,2-5(1-6), |

| | | | |
|---|---|---|---|
| | | | 2-6(1-4),2-8(1-2),<br>3-1,3-3,3-5<br>,3-6,3-7,3-8,<br>3-9,3-10,3-11,<br>3-14,3-17,3-18 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.<br>പി5/112/2017/27.03.18 | 13 | 2-1,2-2,2-4(1),<br>2-4(2),3-2,<br>3-3,3-4,3-6,<br>3-7,3-8,3-9,<br>3-10,3-11 |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ.കെ.കെ.ഡി/2754 /2018 തിയതി: 18.01.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ല ഓഡിറ്റ് കാര്യാലയം,കോഴിക്കോട്.

## അനുബന്ധം 2

### വാർഷിക കണക്ക്-സംക്ഷിപ്തം

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്